
311
OCTOBER - NOVEMBER 2024

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
COLLEGE TEACHER
OCT/NOV 2024
311

**EDITORIAL BOARD**

Editor
**Dr. N. Renuka**

Managing Editor
**Dr. Pradeep Kumar K.**

Assistant Editors
Dr. Vidhu Narayan
Dr. Bindumol B.

Members
Dr. C. Padmanabhan
A. Nishanth
Prof.(Dr.) K. Bijukumar
Shajitha S
Dr. Manoj T R
Pramod Vellachal
Dr. M.R. Rajesh
Harinarayanan S
Dr. Devi K. Varma
Sreelakshmi A R
Vaisakhan Thampi
Dr. Sreevidya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

- *എഡിറ്റോറിയൽ* 3
- *സമൂഹം, സർവ്വകലാശാല, സംഘടന*
**ഡോ. ബിജുകുമാർ കെ.** 4
- *ഇന്ത്യൻ ഫാസിസം കുതിപ്പിൽ നിന്നും കിതപ്പിലേക്ക്*
**പ്രമോദ് വെള്ളച്ചാൽ** 6
- *മുറിവുകൾ പുഴയാകുന്നു*
**ഡോ. എം.ബി. ഗോപാലകൃഷ്ണൻ** 11
- *ഉന്നത വിദ്യാഭ്യാസപരിഷ്കരണം കേരളത്തിൽ*
**ഡോ. എ.എസ്. സുമേഷ്** 16
- *ഉരുൾപൊട്ടൽ: എന്ത്? എങ്ങനെ?*
**ഡോ. ബ്രിജേഷ് വി.കെ.** 20
- *ഉരുൾപൊട്ടൽദുരന്തം: ഒരു മനുഷ്യപക്ഷവായന*
**വൈശാഖൻ തമ്പി ഡി.എസ്.** 23
- *ഗോദാ നിയമങ്ങളുയർത്തുന്ന ചോദ്യങ്ങൾ*
**ഡോ. സോണി ജോൺ ടി.** 27
- *യാഥാർഥ്യബോധമില്ലാത്ത കേന്ദ്ര ബഡ്ജറ്റ്*
**അനിൽ വർമ്മ** 29
- *വൈക്കംസത്യാഗ്രഹം: സമരചരിത്രത്തിന്റെ ഒരുനൂറ്റാണ്ട്*
**ഡോ. രമ്യ ഗോകുലനാഥൻ** 35
- *ഒരേ ഭാഷയിൽ, ഒരേ കഥ പറയുന്ന കുറേ സ്ത്രീകൾ*
**ഡോ. രാജേഷ് കോമത്ത്, ഷിലുജാസ് എം.** 40

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.
Edited, Printed and Published by
Dr. C.Padmanabhan, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

# എഡിറ്റോറിയൽ



അശാന്തിയുടെയും സംഘർഷങ്ങളുടെയും നിമിഷങ്ങളിൽ മനുഷ്യർ എങ്ങനെ പ്രതികരിക്കും എന്ന് പറയാനാവില്ല.എങ്കിലും അത്തരം പ്രതികരണങ്ങൾക്ക് ജീവിതത്തിന്റെ അഗാധതകളെ പ്രതിഫലിപ്പിക്കുവാനുള്ള ശേഷിയുണ്ടാകും. സർഗ്ഗാത്മകതയുടെ അടിസ്ഥാനം  സാമൂഹികമോ സാംസ്കാരികമോ ആയ അശാന്തിയാണ്. വ്യക്തിയായി ജീവിക്കുകയും സമൂഹത്തിലേക്ക് പടരുകയും ചെയ്യുന്ന മനുഷ്യരുടെ ഓർമ്മകൾക്ക് എന്തെന്നില്ലാത്ത കരുത്തും വെളിച്ചവുമുണ്ട്. എഴുത്തും രചനാതന്ത്രങ്ങളും എന്ന പേരിൽ ഒരു ശില്പശാല സംഘടിപ്പിക്കുമ്പോൾ ഭാഷയും സംവാദാത്മകതയും ആഖ്യാനചാരുതകളും രാഷ്ട്രീയവും ആത്മവുമൊക്കെ സാമൂഹികാനുഭവങ്ങളായി പരിവർത്തിക്കുന്നതെങ്ങനെ എന്ന അന്വേഷണം സമാന്തരമായി നടന്നിരുന്നു. ഇന്ത്യയുടെ വൈവിധ്യമാർന്ന ജനജീവിതത്തെയും ജ്ഞാനവഴികളെയും തിരിച്ചറിഞ്ഞ അനശ്വരനായ കമ്മ്യൂണിസ്റ്റ് സീതാറാം യെച്ചൂരിയും മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തങ്ങളെ ചരിത്രപരവും സാംസ്കാരികവുമായ കാലാവസ്ഥയിലേക്ക് മോചിപ്പിച്ച ചിന്തകനും എഴുത്തുകാരനുമായ ഫ്രെഡറിക് ജയിംസണും വിടപറഞ്ഞത് അടുത്ത നാളുകളിലാണ്. അവരുടെ ബൗദ്ധികമായ കലാപങ്ങൾ ചലനാത്മകമായ ഓർമ്മയായി തുടരുന്നു. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ അക്കാദമികമായും സാംസ്കാരികമായും തകർക്കാൻ ശ്രമിക്കുന്ന കേന്ദ്രഭരണകൂടത്തിന്റെ നയങ്ങൾക്കെതിരെ,ഉദ്യോഗസ്ഥ ദുർഭരണങ്ങൾക്കും അനീതികൾക്കുമെതിരെ നമ്മൾ എപ്പോഴും സമരമുഖത്ത് തന്നെയാണ്. സമരവഴികൾ അവസാനിക്കുന്നില്ല. സർഗ്ഗാത്മകതയുടെ മറ്റൊരു മുഖമാണത്.

**എഡിറ്റർ**
collegeteacheredt@gmail.com
9746527501



ഡോ. ബിജുകുമാർ കെ.

# സംഘടനയും സമരവഴികളും

അക്കാദമിക രംഗത്തും സാമ്പത്തിക രംഗത്തും നിലയ്ക്കാത്ത പോരാട്ടങ്ങളുടെ നാൾവഴികളിലൂടെയാണ് നാം സഞ്ചരിക്കുന്നത്. വയനാട് ദുരന്തം സൃഷ്ടിച്ച അതിദാരുണവും ഭീകരവുമായ മനുഷ്യാവസ്ഥയെയും സാമ്പത്തിക പ്രതിസന്ധിയെയും കേരള സർക്കാർ അതിജീവിച്ചു വരുന്ന ഘട്ടമാണിത്.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിവിധ സംസ്ഥാനങ്ങളിൽ ഉള്ള നമ്മുടെ സഹോദര സംഘടനകൾ ഐഫക്ടോയുടെ ആഭിമുഖ്യത്തിൽ സംഭാവന നൽകി. യാതനകളിലൂടെ കടന്നുപോകുന്ന സഹജീവികളെയും ഒരു നാടിനെയും പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുകയും സാലറി ചലഞ്ചിൽ പങ്കാളികളാവുകയും ചെയ്യേണ്ടത് നമ്മുടെ സംഘടനാപരമായ ദൗത്യവും രാഷ്ട്രീയമായ അനിവാര്യതയുമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.വയനാട് ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട് ക്യാമ്പുകളിലേക്ക് മാറ്റപ്പെടുകയും, പിന്നീട് കേരള സർക്കാർ ഏർപ്പെടുത്തിയ താൽക്കാലിക വീടുകളിലേക്ക് താമസം മാറ്റുകയും ചെയ്ത ദുരിതബാധിതരെ സഹായിക്കാൻ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി 10 ലക്ഷം രൂപയുടെ ഗൃഹോപകരണങ്ങൾ നൽകിയത് ഈ ദൗത്യനിർവഹണത്തിലേക്കുള്ള ചെറിയ ഒരു കാൽവയ്പ്പ് എന്ന നിലയിലാണ്.

കേന്ദ്ര ഭരണകൂടം എല്ലാ മേഖലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏകീകരണയുക്തികൾ ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെയാണ് തകർക്കുന്നത്. യുജിസിയുടെയും മറ്റ് കേന്ദ്ര ഏജൻസികളുടെയും ദുരധികാരപ്രയോഗങ്ങൾക്കും അക്കാദമിക് വിരുദ്ധ നടപടികൾക്കും സാമ്പത്തികാടിയന്തരാവസ്ഥയ്ക്കും എതിരായി തുടർച്ചയായ സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നുവരികയാണ്.ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക, വിദ്യാഭ്യാസ മേഖലയ്ക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഐഫക്ടോയുടെ ആഭിമുഖ്യത്തിൽ നവംബർ 19 ന് നടക്കുന്ന




പാർലമെന്റ് മാർച്ചിൽ എകെപിസിടിഎയുടെ ശബ്ദവും ഉണ്ട്. അതിന് മുന്നോടിയായി ബ്രാഞ്ച് തലത്തിലും ജില്ലാ തലത്തിലും മേഖലാതലത്തിലും വിവിധ തരത്തിലുള്ള പ്രതിഷേധ പരിപാടികൾ ഇതിനകം നടന്നുകഴിഞ്ഞു.

കേന്ദ്രം മുന്നോട്ടു വയ്ക്കുന്ന വിഭാഗീയതയുടെ രാഷ്ട്രീയം അനുസരിക്കാത്ത കേരളം പോലെ സ്വതന്ത്ര ചിന്താഗതിയുള്ള സംസ്ഥാനങ്ങളെ തകർക്കുവാൻ സംഘപരിവാറിന്റെ നേതൃത്വത്തിൽ പല തരത്തിലുള്ള ഗൂഢപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലെ സർവ്വകലാശാലകളെ ഒന്നടങ്കം തകർക്കാനുള്ള ചാൻസലറുടെ ശ്രമങ്ങൾ അതിന് തെളിവാണ്. ആരോഗ്യസർവകലാശാലയിലും കേരള സർവകലാശാലയിലും നടത്തിയ വൈസ് ചാൻസലർ പുനർനിയമനത്തിനെതിരെ എല്ലാ കലാലയങ്ങളിലും പ്രതിഷേധ പരിപാടികളും വിശദീകരണ യോഗങ്ങളും നടത്തണമെന്ന് സംഘടന ആഹ്വാനം ചെയ്തത് അതുകൊണ്ടാണ്.ഇന്ത്യൻ ഭരണഘടനയെയും ഫെഡറൽ നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ചാൻസലർ ചെയ്യുന്ന പ്രവൃത്തികളുടെ ഗൂഢോദ്ദേശ്യം എല്ലാ അംഗങ്ങളും മനസ്സിലാക്കേണ്ടതുണ്ട്.

പ്രകൃതിദുരന്തങ്ങളും കേന്ദ്രസർക്കാരിന്റെ അവഗണനയും വലിയ സാമ്പത്തിക ബാധ്യതയാണ് കേരള സർക്കാരിന് നൽകിക്കൊണ്ടിരിക്കുന്നത്. കടുത്ത സാമ്പത്തിക അടിയന്തരാവസ്ഥ നിലനിൽക്കുന്ന സംസ്ഥാനമായിട്ടും 3% ഡിഎ വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയ കേരള സർക്കാരിന്റെ ഇച്ഛാശക്തി അഭിനന്ദനാർഹമാണ്. ഡിഎ അവകാശങ്ങൾ നേടിയെടുക്കാൻ സംഘടന നടത്തിയിട്ടുള്ള സമരങ്ങളുടെ കൂടി നേട്ടമാണിത്.

രാജ്യത്തിന് ആകെ മാതൃകയായ രീതിയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന കേരള സർക്കാരിന്റെയും മികച്ച രീതിയിൽ FYUGP സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന എകെപിസിടിഎയുടെയും സങ്കല്പങ്ങൾക്ക് വിരുദ്ധമായി യാന്ത്രികവും അശാസ്ത്രീയവുമായ രീതിയിലുള്ള പരീക്ഷാസംവിധാനങ്ങൾ നടപ്പാക്കാനുള്ള സർവകലാശാലാ നയങ്ങൾക്കെതിരെ മാതൃകാപരമായ മൂല്യനിർണയവും മതിയായ പ്രവൃത്തി ദിനങ്ങളും ഉറപ്പാക്കിക്കൊണ്ടുള്ള പഠന സമ്പ്രദായം ഉണ്ടാവണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഉന്നതവിദ്യാഭ്യാസ മന്ത്രിയ്ക്കും സ്റ്റേറ്റ് ലെവൽ മോണിറ്ററി കമ്മിറ്റി കൺവീനർക്കും സംഘടന നിവേദനം നൽകിയിരുന്നു.

എയ്ഡഡ് മേഖലയിലെ സ്ഥാപന മേധാവികളുടെ സെൽഫ് ഡ്രോയിങ് പദവി പിൻവലിച്ചു കൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവിറങ്ങിയപ്പോൾ അതിനെതിരെ ശക്തമായ പ്രതിഷേധവും സമരപരിപാടികളും ആസൂത്രണം ചെയ്യുകയും ധനകാര്യ വകുപ്പുമായി സംവാദങ്ങൾ നടത്തുകയും ചെയ്യുന്നതിൽ എകെപിസിടിഎ എന്ന സംഘടനയുടെ ഇടപെടൽ നിർണ്ണായകമാണ്. ഉത്തരവ് മരവിപ്പിച്ചു കൊണ്ടുള്ള ധനകാര്യ മന്ത്രിയുടെ നിർദേശം വരികയുണ്ടായി. എകെപിസിടിഎ, കെ എസ് ടി എ, എകെഎൻടിഇഒ തുടങ്ങി സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധങ്ങളുടെ കൂടി വിജയമാണ്. പോരാട്ടങ്ങൾ നിലയ്ക്കുന്നില്ല.



**ഡോ. കെ. പ്രദീപ് കുമാർ**
ട്രഷറർ, എകെപിസിടിഎ

# യെച്ചൂരി: ഇന്ത്യയുടെ വൈവിധ്യങ്ങളിലേക്ക് പടർന്ന കമ്മ്യൂണിസ്റ്റ്



തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിൽ അനുദിനമെന്നോണം സിദ്ധാന്തത്തെ പ്രയോഗത്തിനനുസരിച്ച് പുതുക്കിപ്പണിയുകയും പ്രയോഗത്തെ സിദ്ധാന്തവൽക്കരിക്കുകയും ചെയ്യുന്ന നേതാക്കളുടെ അത്ര നീണ്ടതൊന്നുമല്ലാത്ത നിരയിൽ ഇങ്ങേ അറ്റത്ത് നിൽക്കുന്ന ഒരാളെയാണ് സീതാറാം യെച്ചൂരിയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടപ്പെട്ടത്. അതും എത്രയും നിർണായകമായ ഒരു ദശാസന്ധിയിൽ ലോകമാകെ വിറങ്ങലിച്ച് നിൽക്കെ.

ഇന്ത്യൻ രാഷ്ട്രീയ നേതൃത്വത്തിന്റെ ശരാശരി ആയുസ്സ് വച്ച് നോക്കിയാലും യെച്ചൂരിയുടെ സംഭാവനകളുടെ ഗരിമ വച്ചു നോക്കിയാലും ഈ വിയോഗം തീർത്തും ആകസ്മികവും അകാലത്തിലുള്ളതും ആണെന്ന് പറയാതിരിക്കാൻ കഴിയില്ല.

"മാർക്സ് എന്തുകൊണ്ട് ശരിയായിരുന്നു" എന്ന തന്റെ പുസ്തകത്തിൽ ടെറി ഈഗിൾടൺ പറയുന്നുണ്ട്, മാർക്സിസം കാലഹരണപ്പെടണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിക്കുക ഒരുപക്ഷേ മാർക്സിസ്റ്റുകൾ തന്നെയായിരിക്കും എന്ന്. കാരണം ചൂഷണങ്ങളും വർഗ സമരങ്ങളും ഇല്ലാതാകുന്ന ഒരു കാലത്താണ് മാർക്സിസം കാലഹരണപ്പെടുക. അത്തരമൊരു കാലം സമാഗതമായി തങ്ങളുടെ ദൗത്യം സമാപിക്കണം എന്ന് മാർക്സിസ്റ്റുകൾ ആഗ്രഹിക്കുന്നുണ്ട്.

എന്നാൽ അതത്ര എളുപ്പമല്ല എന്നും നിതാന്തമായ സമരങ്ങളിലൂടെ മാത്രമേ ചൂഷണരഹിതമായ ഒരു സമൂഹം നിലവിൽ വരികയുള്ളൂ എന്നും അത്തരം ഒരു വരവിന്റെ വിഭാതശോഭ ചക്രവാളത്തിൽ എങ്ങും ഇപ്പോൾ ദൃശ്യമല്ലെന്നുമുള്ള ബോധ്യമാണ് ലോകമെമ്പാടുമുള്ള മാർക്സിസ്റ്റുകളെ നയിക്കുന്നത്. ചുറ്റും ചൂഴുന്ന നിരാശയുടെ കാളിമക്കിടയിലും വെളിച്ചം പകരുന്ന രാഷ്ട്രീയ പ്രവർത്തനമാണ് ഒരു മാർക്സിസ്റ്റിന്റേത്. ഇത് കൃത്യമായി മനസ്സിലാക്കിയ ഒരാളായിരുന്നു യെച്ചൂരി.

യെച്ചൂരിയുടെ സംഭാവനകൾ പ്രധാനമായും മൂന്നു തരത്തിലുള്ളതാണെന്ന് തോന്നുന്നു. ഒന്ന് : ഒരു മാർക്സിസ്റ്റ് സൈദ്ധാന്തികൻ എന്ന നിലയിൽ അദ്ദേഹം ലോകമെമ്പാടുമുള്ള രാഷ്ട്രീയ സ്ഥിതികളെ കൃത്യമായി പഠിക്കുകയും അത്തരം ഒരു ലോകത്തിൽ മാർക്സിസത്തിന്റെയും ഇടതുപക്ഷ പുരോഗമന ശക്തികളുടെയും പ്രവർത്തന ദിശ എന്തായിരിക്കണം എന്നതിനെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനു വേണ്ടി നിരന്തരമായി പ്രയത്നിക്കുകയും ചെയ്തു. ശ്രീലങ്കയും നേപ്പാളും അടക്കമുള്ള രാജ്യങ്ങളുടെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പരിപാടിയും പ്രവർത്തനങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിൽ യെച്ചൂരി നിർവഹിച്ചിട്ടുള്ള പങ്ക് ഇതിനകം തന്നെ വ്യക്തമായി കഴിഞ്ഞിട്ടുള്ളതാണല്ലോ. ഇന്ത്യയിലാകട്ടെ ദേശീയതലത്തിൽ ശക്തിയാർജിച്ചു വരുന്ന ഫാഷിസ്റ്റ് കക്ഷിക്ക് എതിരായി മതേതര പുരോഗമന കക്ഷികളുടേതായ ഐക്യമുന്നണി രൂപീകരിക്കുവാൻ വേണ്ടി ചരിത്രപരമായി ഇടപെട്ടതിന്റെ അനുഭവസമ്പത്താണ് 2024 ൽ 'ഇന്ത്യ' എന്ന പ്രതിപക്ഷ കൂട്ടായ്മ രൂപീകരിക്കുന്നതിന് മുൻകൈയെ

ടുക്കാൻ അദ്ദേഹത്തെ സഹായിച്ചത്. 2009ലെ ഐക്യ പുരോഗമന സഖ്യ സർക്കാർ അധികാരത്തിലേറിയപ്പോൾ ആ സർക്കാരിന്റെ നയപരിപാടികളിൽ ഇടപെടാനും, നവ ഉദാരവൽക്കരണ നയം തിരുത്താനായില്ലെങ്കിലും, ഒരു പരിധിവരെ ആ സർക്കാരിന്റെ കമ്പോള നിർണയ വാദത്തെ നിയന്ത്രിച്ചുകൊണ്ട് ജനോപകാരപ്രദമായ നിരവധി പദ്ധതികളും നയങ്ങളും രൂപീകരിക്കാനും ആവശ്യമായ സമ്മർദ്ദം ചെലുത്താനും സിപിഐ എമ്മിനു കഴിഞ്ഞു. അതിൽ എല്ലാം നിർണായകമായ രീതിയിൽ ഇടപെട്ടത് യെച്ചൂരി ആയിരുന്നു. സിപിഐഎമ്മിന്റെ അന്തർദ്ദേശീയ മുഖവും ദേശീയ രാഷ്ട്രീയത്തിലെ അംബാസിഡറും ആയിരുന്ന യെച്ചൂരി എന്ന് പറഞ്ഞാൽ അതിൽ ലവലേശം അതിശയോക്തിയില്ല.

പാർട്ടിയുടെ പ്രഖ്യാപിത പരിപാടിയിലും പ്രത്യയശാസ്ത്ര നിലപാടിലും മാറ്റം വരുത്താതെ തന്നെ ബിജെപിയുടെ മുന്നേറ്റം തടഞ്ഞുനിർത്താനും അതുവഴി ഇന്ത്യയുടെ ജനാധിപത്യ മതേതര സ്വഭാവം കാത്തുസൂക്ഷിക്കാനും സമർത്ഥമായ അടവ് നയങ്ങളിലൂടെ ഇടതുപക്ഷവും വിശിഷ്യാ സിപിഐഎമ്മും ശ്രമിച്ചത് ഇക്കാലത്താണ്. അതായത് മാർക്സിസ്റ്റ് ലെനിസ്റ്റ് തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് , 'ശാസ്ത്രീയ സോഷ്യലിസത്തിനു വേണ്ടിയുള്ള മുതലാളിത്ത വിരുദ്ധ പോരാട്ടങ്ങൾ എന്നത് മുഖ്യ ലക്ഷ്യമായി കാണുമ്പോൾ തന്നെ രാജ്യത്ത് വളർന്നു വരുന്ന ഭൂരിപക്ഷ വർഗീയ ശക്തി ഫാഷിസ്റ്റ് സ്വരൂപം ആർജിക്കുന്നത് തടയാൻ താരതമ്യേന മതേതര സ്വഭാവമുള്ള ബൂർഷ്വാ പാർട്ടികളുമായി തന്ത്രപരമായി കൂട്ടുചേരാനുള്ള ചരിത്രപരമായ തീരുമാനം കൈക്കൊള്ളുകയും അത് നടപ്പിലാക്കുന്നതിന് വേണ്ടി രാജ്യത്തെ പ്രതിപക്ഷ ഐക്യം രൂപീകരിക്കാൻ മുൻനിരയിൽ നിന്ന് പ്രവർത്തിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും അംഗബലത്തിൽ വളരെ പിറകിലായിട്ട് പോലും രാജ്യത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ ശ്രദ്ധേയമായ പങ്കുവഹിയ്ക്കാൻ സിപിഐ എമ്മിന് കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം സംബന്ധിച്ച മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തങ്ങളിൽ ഈ വിധം സർഗാത്മകമായ മാറ്റങ്ങൾ ആവിഷ്കരിച്ചതിൽ യെച്ചൂരിയുടെ നിസ്തുലമായ പങ്ക് നമുക്ക് കാണാവുന്നതാണ്.

രണ്ട്: പാർലമെൻററി പ്രവർത്തനത്തെ ശ്രദ്ധേയമായ രാഷ്ട്രീയ സമരവേദിയാക്കി മാറ്റുന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റ് രീതി കൂടുതൽ മികവോടുകൂടി മുന്നോട്ടു കൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞു. എകെജിയും ബസവ പുന്നയ്യ യും പി സുന്ദരയ്യയും സമർ മുഖർജിയും സോമനാഥ് ചാറ്റർജിയും അടക്കമുള്ള മുൻഗാമികൾ തെളിയിച്ച പാതയിലൂടെ മുന്നോട്ടു പോയ യെച്ചൂരിയുടെ പാർലമെന്റിലെ ഓരോ പ്രസംഗങ്ങളും ശ്രദ്ധേയമായ ഇടപെടലുകൾ ആയിരുന്നു. 2014 ന് ശേഷമുള്ള അദ്ദേഹത്തിൻറെ പാർലമെൻററി പ്രസംഗങ്ങൾ ഇന്ത്യയുടെ മതേതരത്വ- സോഷ്യലിസ്റ്റ് സ്വഭാവം, ഭരണഘടനയുടെ അടിസ്ഥാന ആശയങ്ങൾ , ദളിത്- ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശ സംരക്ഷണം, രാജ്യതന്ത്രം, ജനാധിപത്യം, സർവ്വാധിപത്യം തുടങ്ങിയ വിഷയങ്ങളെകേന്ദ്രീകരിച്ച് രാജ്യ മെ മ്പാടും ഗൗരവമായ ചർച്ചകൾ ഉയർത്തിക്കൊണ്ടുപോകാനും ആശയാവബോധം സൃഷ്ടിക്കാനും പര്യാപ്തമായി. ജനാധിപത്യത്തിനും സമത്വത്തിനും വേണ്ടിയുള്ള അദ്ദേഹത്തിൻറെ പാർലമെന്ററി പോരാട്ടങ്ങൾ ബൂർഷ്വാ ജനാധിപത്യപാർട്ടികളെ ഒപ്പം നിർത്തുന്ന





രീതിയിൽ വിശാലമായ മാനങ്ങൾ കൈവരിച്ചു. രാഷ്ട്രീയ രംഗത്തെ പരിണിത പ്രജ്ഞ മാത്രമല്ല തന്റെ വിശാലമായ അറിവും അദ്ദേഹം പാർലമെൻററി പ്രവർത്തനത്തിൽ സമർത്ഥമായി വിനിയോഗിച്ചു. ഇന്ത്യൻ സംസ്കാരത്തിലും ഐതിഹ്യങ്ങളിലും ഉള്ള ആഴത്തിലുള്ള അറിവ് വളർന്നുവരുന്ന ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ കാപട്യങ്ങളെ തുറന്നുകാണിക്കാൻ അദ്ദേഹത്തിന് തുണയായി. എതിരാളികൾ പോലും സശ്രദ്ധം പരിഗണിക്കുന്നവയായിരുന്നു അദ്ദേഹത്തിൻറെ ഇടപെടലുകൾ.

മൂന്നാമതായി, സിപിഐഎം ജനറൽ സെക്രട്ടറി എന്ന നിലയിൽ ആ പാർട്ടിയെ ഏറ്റവും പ്രതികൂലമായ സാഹചര്യങ്ങളിൽ മുന്നിൽ നിന്ന് നയിക്കാനും ഒരു മാർക്സിസ്റ്റ് പാർട്ടി എന്ന നിലയിൽ സുദൃഢമായി മുന്നോട്ടു കൊണ്ടു പോകാനും അദ്ദേഹത്തിന് കഴിഞ്ഞു. സിപിഐഎം പോളിറ്റ് ബ്യൂറോയിലെ യുവ അംഗം എന്ന നിലയിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ലോകത്തെ പിടിച്ചു കുലുക്കിയ സോവിയറ്റ് യൂണിയന്റെയും ഈസ്റ്റേൺ യൂറോപ്യൻ കിഴക്കൻ യൂറോപ്പിന്റെ രാജ്യങ്ങളുടെയും ശിഥിലീകരണവും അതിന്റെ ഭാഗമായി ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ടായ പ്രതിസന്ധിയും അവലോകനം ചെയ്തും അപഗ്രഥിച്ചും സിപിഐ എം പതിനാലാം പാർട്ടി കോൺഗ്രസ് അംഗീകരിച്ച പ്രത്യയശാസ്ത്ര രേഖ തയ്യാറാക്കിയത് അന്ന് പൊളിറ്റ് ബ്യൂറോയിലെ യുവ അംഗമായ യെച്ചൂരി ആയിരുന്നു. മാർക്സിസത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന പ്രസ്തുത രേഖ നിരവധി രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് മാർഗ്ഗരേഖയായി മാറി. ഇന്ത്യയുടെ നാനാജാതി വൈചിത്ര്യങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയ മാർക്സിസ്റ്റ് ആയിരുന്നു അദ്ദേഹം. അതിന്റെ രണ്ട് പ്രധാന ലക്ഷണങ്ങളാണ് ജനാധിപത്യ ശക്തികളുടെ ഐക്യനിരക്കായുള്ള വേണ്ടിയുള്ള അദ്ദേഹത്തിൻ പ്രവർത്തനങ്ങളും കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സിപിഐഎം നടത്തിയ പ്രക്ഷോഭങ്ങളും. അതിവേഗം മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് പാർട്ടിയുടെ നയപരിപാടികളും പ്രവർത്തന ശൈലിയും പരിഷ്കരിക്കുന്നതിന് അദ്ദേഹം അചഞ്ചലമായ നേതൃത്വം നൽകി. ഈ വിധത്തിൽ ഒരു രാഷ്ട്രീയ ദാർശനികൻ ആയിരിക്കെ തന്നെ അസാമാന്യ കഴിവുകളുള്ള ഒരു സംഘാടകനുമായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ ലെനിനും ഹോച്ചിമിനും ഗ്രാംഷിയും ഇഎംഎസും അടക്കമുള്ള ലോക കമ്മ്യൂണിസ്റ്റ് നേതൃനിരയിൽ അദ്ദേഹത്തിനും ഒരു സ്ഥാനമുണ്ട്. പാർട്ടിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ നേതൃത്വം എത്ര നിർണായകമായിരുന്നു എന്ന് ഇപ്പോൾ നാം തിരിച്ചറിയുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ പാർലമെന്റിലും നിയമസഭകളിലും പ്രാതിനിധ്യം കുറയുകയും ബംഗാളിലും ത്രിപുരയിലും ഭരണം നഷ്ടപ്പെടുകയും ദേശീയ പാർട്ടി എന്ന പദവി തന്നെ നഷ്ടപ്പെടാം എന്ന അവസ്ഥ സംജാതമാകുകയും ചെയ്ത പ്രതിസന്ധിഘട്ടത്തിൽ പാർട്ടിയെ ശക്തിപ്പെടുത്താൻ ആവശ്യമായ ബഹുജനപ്രക്ഷോഭങ്ങൾ ആസൂത്രണം ചെയ്യുകയും കർഷകരെയും അസംഘടിത തൊഴിലാളികളെയും ഐ. ടി രംഗത്തുള്ളവരെയുമടക്കം സംഘടിപ്പിച്ച് സമര രംഗത്തേക്ക് കൊണ്ടുവരികയും ചെയ്യുന്ന രീതിയിൽ പാർട്ടിയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ചത് അദ്ദേഹം ജനറൽ സെക്രട്ടറി ആയിരുന്നപ്പോഴാണ്.



അതേസമയം തന്നെ മറുഭാഗത്ത് ദേശീയ രാഷ്ട്രീയ വ്യവഹാരത്തിൽ മൂർത്തമായ രാഷ്ട്രീയ സാഹചര്യത്തെ ശരിയായി വിലയിരുത്തിക്കൊണ്ട് ഫാഷിസത്തിനെതിരായ ഐക്യ മുന്നണിക്കായി അനവരതം പ്രയത്നിക്കുകയും അത് സാധ്യമാക്കുകയും ചെയ്തതും യെച്ചൂരിയുടെ ഭാവനാത്മകമായ നേതൃത്വത്തിലാണ്. അങ്ങനെ ഇന്ത്യൻ രാഷ്ട്രീയത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ അദ്വീതിയ സ്ഥാനം ഊട്ടിയുറപ്പിച്ച രാഷ്ട്രീയ കാലാവസ്ഥ സംജാതമായത് യെച്ചൂരിയുടെ ദീർഘവീക്ഷണം കൊണ്ട് കൂടിയാണ്.

മനുഷ്യൻ മനുഷ്യരോട് സംസാരിക്കുന്ന ലളിത സുഭഗമായ ഭാഷയായിരിക്കണം കാവ്യത്തിനും എന്ന് വേർഡ്സ്വർത്ത് പറയുന്നുണ്ട്. അങ്ങനെയെങ്കിൽ യെച്ചൂരിയുടെ പ്രഭാഷണങ്ങൾ എല്ലാം കവിത തന്നെയാണ് . കാരണം, ഏറ്റവും സങ്കീർണമായ ദേശീയ രാഷ്ട്രീയം, പ്രത്യേകിച്ച് നവ ലിബറിൽ മുതലാളിത്തവും ഫാസിസവും തമ്മിലുള്ള കൂട്ടുകെട്ട്, ഫാസിസത്തിന്റെ കപടദേശീയതാ വാദം, ഇന്ത്യൻ മതനിരപേക്ഷസമൂഹം നേരിടുന്ന പ്രതിസന്ധികൾ എന്നിവയെല്ലാം ലളിതവും ഹ്രസ്വവുമായ വാചകങ്ങളിലൂടെയായിരിക്കും അദ്ദേഹം ആവിഷ്കരിക്കുക; അടുത്തുനിൽക്കുന്ന ഒരാളോട് സംസാരിക്കുന്നതു പോലെ. സാങ്കേതിക പദങ്ങളോ ആലങ്കാരിക പ്രയോഗങ്ങളോ നെടുങ്കൻ വാചകങ്ങളോ അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കേണ്ട. യഥേഷ്ടം ഹിന്ദിയിലോ ബംഗാളിയിലോ തെലുങ്കിലോ തമിഴിലോ ഇംഗ്ലീഷിലോ സംസാരിക്കാനുള്ള പാടവം അദ്ദേഹത്തെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി. സരളമായി സംസാരിച്ചുകൊണ്ടുതന്നെ രാജ്യം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ ആഴങ്ങളിലേക്ക്ഒരു തത്വജ്ഞാനിയെ പോലെ ഇറങ്ങിച്ചെന്ന് വിശകലനം ചെയ്യാനും ബദലുകൾ നിർദ്ദേശിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

വ്യത്യസ്ത രാഷ്ട്രീയ ചേരികളിൽ നിൽക്കുന്നവരോട് പോലും സവിശേഷമായ സൗഹൃദം പുലർത്തി അദ്ദേഹം. "ഇത്ര ധൃതിയിൽ പോകരുതായിരുന്നു സഖാവേ " എന്ന ലാലു പ്രസാദ് യാദവിന്റെ വാക്കുകൾ വെറുമൊരു ചരമോപചാരം മാത്രമല്ല. ഒരു രാഷ്ട്രീയ നേതാവിന്റെ പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവിന്റെ പതിവ് രീതികളിൽ നിന്ന് വ്യത്യസ്തമായി എല്ലാ രാഷ്ട്രീയ ചേരികളിൽ ഉള്ളവരും രാഷ്ട്രീയത്തിനപ്പുറത്ത് എഴുത്തുകാർ കലാകാരർ, അധ്യാപകർ ബുദ്ധിജീവികൾ വിദ്യാർത്ഥികൾ എന്നിങ്ങനെ സകല വിഭാഗങ്ങളിൽ ഉള്ളവരും ഉൾപ്പെടുന്ന വലിയൊരു സൗഹൃദം വലയം തന്നെ യെച്ചൂരിക്ക് ഉണ്ടായിരുന്നു.

എല്ലാ അർത്ഥത്തിലും ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് ആയിരുന്നു സീതാറാം യെച്ചൂരി. തിരക്കിട്ട രാഷ്ട്രീയ പ്രവർത്തനത്തിനിടയിലും വായിക്കാനും എഴുതാനും സമയം കണ്ടെത്തി, രാഷ്ട്രീയ ഭേദങ്ങൾക്ക് അപ്പുറം സൗഹൃദങ്ങൾ നിലനിർത്തി, ഇടപഴകിയവർക്കെല്ലാം ഊഷ്മളതയുടേതായ അനുഭവങ്ങൾ പകർന്നു, കലയിലും സംഗീതത്തിലും സിനിമയിലും എല്ലാം സ്വയമലിഞ്ഞു. മനുഷ്യരനുഭവിക്കുന്ന യാതനകളിലേക്ക് സ്വയം പടരാനും അവരിലേക്ക് സമരമായി പെയ്തിറങ്ങാനും അദ്ദേഹത്തിന് കഴിഞ്ഞു. രാജ്യത്തിന്റെ സങ്കീർണമായ വൈവിധ്യങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ട് രാഷ്ട്രീയ പ്രവർത്തനത്തെ ഭാവനാത്മകമായി ആവിഷ്കരിച്ചു. ബിംബ പരികൽപ്പനകളുടെ ആലഭാരങ്ങളെ പൂർണ്ണമായും അവഗണിച്ചുകൊണ്ട് ഒരു യഥാർത്ഥ മനുഷ്യനായി, അങ്ങനെ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റായി യെച്ചൂരി നമുക്കിടയിൽ ജീവിക്കുന്നു.

**Pramod Kumar K V**
Member Syndicate, Kannur University


# Fredric Jameson: The Cultural Cartographer of Capitalism

Fredric Jameson (April 14, 1934 – September 22, 2024) is widely recognized as one of the foremost cultural critics and Marxist theorists of the late 20th and early 21st centuries. His scholarly work explores the intersections of culture, politics, and ideology, with a special emphasis on postmodernism. Jameson is particularly esteemed for his insights into contemporary capitalism, his critical evaluations of postmodern culture, and his investigations into the intricate relationships between art and society. His seminal work, *Postmodernism, or, The Cultural Logic of Late Capitalism*, is considered foundational within cultural studies.

The passing of Jameson marks a significant loss for the realms of literary and cultural theory, as his analyses and critiques have profoundly influenced academic discourse and inspired countless scholars and intellectuals. His contributions remain vital for understanding the complexities of contemporary culture and the socio-political forces that shape it. This prompts a question posed by Bruce Robbins: who are these mourners, and what do they honor and lament? Asks Bruce Robbins:

A possible answer can be found in the title of Jameson's latest, and likely not his final, book, *The Years of Theory*, released by Verso this month. This volume documents a seminar Jameson conducted at Duke University in 2021 and predominantly focuses on Jean-Paul Sartre, the subject of Jameson's dissertation. The table of contents suggests that "theory" provided a platform for addressing, akin to Sartre, the most profound questions regarding the responsibilities of existing in the contemporary world—posing these questions at a high philosophical level while ensuring accessibility without requiring a PhD to comprehend.

Fredric Jameson is a pivotal figure in contemporary cultural and literary theory, recognized for his astute examinations of culture,




ideology, and capitalism through a Marxist perspective. Born in Cleveland, Ohio, Jameson's academic journey began at Bard College, where his interest in literature and critical theory blossomed. He later completed his PhD at Harvard University, an experience that equipped him with theoretical tools to tackle complex socio-political issues. His teaching career has spanned esteemed institutions, including Duke University and the University of California, Santa Cruz, where he served as a professor of Comparative Literature. This extensive academic background, combined with his engagement with European Marxist theory, has heavily influenced his critical perspectives and theoretical contributions.

**Major Contributions**

Jameson's work, *Marxism and Form: Twentieth-Century Dialectical Theories of Literature* (1971), stands as a crucial contribution to the dialogue surrounding the intersection of Marxist theory and literary analysis. This book underscores how dialectical reasoning is essential for understanding the social and political contexts of literary works. Jameson engages with prominent theorists like Georg Lukács and Theodor Adorno, demonstrating how their dialectical frameworks yield significant insights into the structure and purpose of literature in capitalist societies. One of the book's strengths lies in its examination of the ideological foundations of literary forms, revealing how aesthetic choices both reflect and challenge prevailing social conditions. Critics, however, argue that Jameson’s focus on form may overlook the personal and emotional dimensions experienced by both readers and writers, potentially reducing literature to a mere tool of ideology. Nevertheless, his analysis remains vital for understanding the intricate relationship between art and society, prompting readers to consider how literature can act as both a reflection and critique of the ideological frameworks

in which it exists. His work has become a cornerstone for modern Marxist literary criticism, fostering ongoing discussions about the relevance of dialectical materialism in literary studies.

In *The Ideologies of Theory* (1988), Jameson offers a comprehensive analysis of the theoretical frameworks that inform literary criticism, demonstrating how these ideologies shape our understanding of literature and culture. The book critically engages with various intellectual traditions, including structuralism, post-structuralism, and psychoanalysis, revealing the ideological assumptions inherent in each approach. A central theme of Jameson's work is the political ramifications of theory; he posits that theoretical discourse is always influenced by broader social and economic contexts, never existing in isolation. This perspective urges readers to scrutinize the ideological biases underlying their literary interpretations. Some critics argue that Jameson's broad critiques may overshadow the specific complexities of certain theoretical perspectives, simplifying their contributions. Additionally, while he adeptly illustrates the links between theory and ideology, readers might find his complex prose and intricate arguments challenging to navigate. Nonetheless, *The Ideologies of Theory* remains influential in literary studies, igniting important discussions about the role of ideology in literary theory and underscoring the necessity of critical awareness of the assumptions guiding interpretive efforts.

Central to Jameson's theoretical framework is his interdisciplinary approach, which synthesizes insights from literature, history, philosophy, and political economy. He is especially recognized for his exploration of postmodernism, framing it as a cultural phenomenon emerging from the conditions of late capitalism. In his influential publication, *Postmodernism, or, The Cultural Logic of Late Capitalism* (1991), Jameson articulates the aesthetic, cultural, and ideological shifts defining postmodernity. He posits that the characteristics of postmodern culture are intricately linked to the economic and political realities of the late 20th century, especially about capitalism, imperialism, and the emergence of authoritarian political movements. Jameson asserts that postmodernism represents a "flattening of depth," leading to a superficial aesthetic where cultural artifacts lose their historical and political significance, transforming into mere simulacra devoid of genuine meaning. He notes, "In a culture such as ours, it is not the loss of the past, but rather the impossibility of recovering it that is the key." This observation critiques the commodification of culture, wherein the richness of historical narratives gives way to pastiche and irony. He further elucidates that "pastiche is like a greater, because it is not a parody," emphasizing that postmodern expressions often recycle elements from the past without the critical engagement that characterizes earlier parody. The implications of these ideas are profound; they suggest that the cultural landscape of late capitalism not only commodifies art and culture but also reveals a deeper crisis of meaning and identity. Jameson's work thus encourages a critical examination of how the economic frameworks of late capitalism shape cultural awareness and influence perceptions of history, authenticity, and social relations. His analysis offers a crucial lens for comprehending the complexities of contemporary cultural production and its broader societal implications.

A vital component of Jameson's theoretical apparatus is his concept of the "political unconscious," articulated in *The Political Unconscious: Narrative as a Socially Symbolic Act* (1981). He argues that all literary and cultural narratives carry political significance and must be contextualized within their historical and social environments. This focus compels critics to engage with cultural texts critically, uncovering the ideological struggles and power dynamics they encapsulate. In this book, Jameson examines the interplay between narrative and social ideology, positing that every narrative is fundamentally political and shaped by the socio-historical contexts from which it arises. He insists that "the task of interpretation is to relate the text to the historical context which produced it," underscoring the necessity of situating literary works within the broader tapestry of cultural and political dynamics. He introduces the concept of the "political unconscious," suggesting that beneath every narrative lies a complex structure of repressed social conflicts and desires. As he argues, "In the last analysis, the political unconscious is the space of a certain kind of historical representation," positing that literature serves as a mirror reflecting the tensions and contradictions of its time. This viewpoint invites readers to consider not only what stories are told but also what social realities they either obscure or reveal. Jameson

critiques traditional literary approaches that prioritize individual authorship or aesthetic merit, asserting that understanding a narrative's significance requires recognizing its role as a "socially symbolic act" participating in the construction and contestation of cultural meaning. By framing narratives as sites of ideological struggle, he underscores their capacity to both uphold and challenge dominant power structures, making his work a pivotal contribution to literary criticism, cultural studies, and Marxist theory. Consequently, *The Political Unconscious* is essential for those wishing to unravel the intricate relationships among narrative, ideology, and social change.

In *Globalization and Its Discontents* (2001), Jameson investigates the cultural and ideological consequences of globalization in the late 20th century. He asserts that globalization has significantly transformed both economic frameworks and cultural landscapes, leading to a uniformity in cultural expressions and a reduced awareness of historical contexts. Jameson critiques the interplay between postmodernism and global capitalism, emphasizing how cultural products often become commodified and lose their capacity for critical engagement. By examining the connections between globalization, capitalism, and cultural representation, he highlights the challenges of political engagement in an era characterized by rapid change and superficiality. Ultimately, Jameson calls for a renewed emphasis on understanding and critiquing the cultural dimensions of global capitalism, advocating for a more nuanced and analytical response to the discontents it produces.

Jameson's later work, *Archaeology of the Future: The Desire Called Utopia and Other Science Fictions* (2005), further explores the implications of literature and art for envisioning alternative futures and social possibilities. He posits that utopian thought is crucial for imagining alternatives that challenge the status quo. By analyzing various works of science fiction, Jameson highlights how these narratives expose contradictions within contemporary socio-political structures, particularly under capitalism. He argues that science fiction acts as a platform for exploring desire and possibility, enabling authors and readers to critique existing conditions while envisioning transformative alternatives. This genre serves as a cultural discourse engaging with



questions of identity, power, and social change. Additionally, he emphasizes that the longing for utopia—a fundamental aspect of human nature—drives political engagement and cultural innovation. Jameson urges a renewed appreciation of utopian visions as essential tools for societal critique, asserting that the capacity to imagine different worlds is vital to the struggle for justice and equity. By emphasizing the political dimensions of utopian thought, he encourages readers to harness their imaginative faculties to inspire meaningful action against socio-economic constraints.

In *Valences of the Dialectic* (2009), Jameson thoroughly investigates dialectical thought and its relevance for interpreting culture, history, and politics. This book serves both as a defense and a reimagining of dialectical materialism, drawing extensively from the philosophical traditions of Hegel, Marx, and other influential thinkers. Jameson contends that dialectics transcends a mere method of reasoning; rather, it functions as a framework for understanding the complexities and contradictions inherent in reality. He underscores the importance of dialectical oppositions—such as the real versus the ideal and the individual versus the collective—as fundamental to comprehending social change. Throughout the text, he critiques contemporary theoretical frameworks that overlook dialectical approaches, advocating for a revival of dialectical analysis as a crucial tool for critiquing capitalism and envisioning alternative possibilities. By analyzing diverse cultural artifacts and historical scenarios, Jameson illustrates how dialectical reasoning can illuminate the interconnections among social phenomena and offer insights into prospects for transformative change. Ultimately, *Valences of the Dialectic* emphasizes the necessity of revitalizing dialectics as a means of engaging with the complexities of contemporary life and addressing urgent political and cultural concerns.In *The Hegel Variations* (2010), Fredric Jameson explores the philosophical insights of G.W.F. Hegel, offering a contemporary reinterpretation aimed at revitalizing Hegelian thought in modern discourse. This work stands out for its ambitious attempt to connect Hegel's complex dialectical method to pressing contemporary issues, particularly in culture and politics. Jameson investigates how Hegel's theories inform current challenges like globalization and the nuances of subjectivity, arguing that Hegel's framework provides crucial insights into the dynamics of contemporary capitalist societies. One of the book's significant strengths lies in Jameson's ability to make Hegel's often convoluted philosophy accessible, without compromising its depth. However, some critics argue that his interpretations might oversimplify Hegel's ideas to make them more applicable to modern issues, risking a distortion of Hegel's original intentions. Additionally, while Jameson's analysis is intellectually stimulating, his dense writing style and complex arguments may pose challenges for those not well-versed in Hegelian philosophy. Nevertheless, *The Hegel Variations* is an essential text in both Hegelian studies and Marxist theory, fostering critical discussions about the enduring significance of dialectical reasoning in analyzing contemporary social and cultural contexts.

In *Representing Capital: A Commentary on Volume One of Karl Marx's Capital* (2011), Jameson provides a fresh and thorough interpretation of Marx's foundational work, emphasizing the importance of representation in understanding capitalist society. He argues that Marx's text goes beyond a simple economic critique to serve as a profound inquiry into the cultural and ideological dimensions of capitalism. Jameson meticulously navigates Marx's terminology and concepts, showing how they encapsulate the contradictions and dynamics inherent in capitalist production and social relationships. He posits that the representation of capital itself is a crucial framework for analyzing the far-reaching implications of capitalism on human experiences. Furthermore, he critiques contemporary readings of Marx, advocating for a more nuanced appreciation of his dialectical method and its relevance in today's discourse. Through this commentary, he encourages readers to reevaluate the enduring significance of Marx's ideas in addressing the persistent challenges posed by capitalism and the need for critical engagement with its cultural representations.

In *The Antinomies of Realism* (2013), Jameson examines the complex relationship between realism and the socio-economic conditions of modernity, highlighting the inherent tensions and contradictions present in realist literature. He argues that realism should not be regarded solely as a straightforward representation of reality; rather, it is deeply influenced by the historical and ideological contexts from

which it emerges. Jameson identifies various "antinomies," or conflicting elements, within the realist tradition, such as the tension between the individual and the collective, the specific and the universal, and the historical versus the timeless. By exploring these tensions, he reveals how realism grapples with the challenges of representation in capturing the multifaceted nature of reality, especially within the framework of capitalism. He contends that while realism aims to create a coherent portrayal of the world, it simultaneously reveals the fractures and complexities that complicate this coherence. Through this analysis, Jameson reinvigorates the discussion surrounding realism, encouraging readers to engage more deeply with its critical capacity to reflect on contemporary social and political issues while acknowledging the historical influences that shape its narratives.

In *An American Utopia: Dual Power and the Universal Army* (2016), Jameson offers a thought-provoking vision for a socialist future in the United States, introducing the concept of "dual power" as a strategy to challenge the existing capitalist order. He draws from historical and theoretical frameworks to propose how a universal army could act as a transformative force, mobilizing the masses for revolutionary change while addressing contemporary issues such as inequality and militarization. He investigates the tensions between state authority and grassroots movements, asserting that a dual power structure—where state and popular forces coexist and interact—could foster a more equitable society. Throughout the book, Jameson employs a speculative and imaginative approach, envisioning how collective action and a redefined concept of militarization could promote solidarity and social transformation. His analysis critiques prevailing leftist strategies, urging a bold reimagining of political organization that transcends traditional boundaries. Ultimately, *An American Utopia* challenges readers to reconsider the possibilities of political engagement in the face of entrenched capitalist systems, proposing that a radical reconfiguration of power is essential for achieving a just and democratic society.

**Influence and Legacy**

Jameson's intellectual contributions extend well beyond literary theory, encompassing broader discussions about culture, globalization, and the impacts of capitalism on everyday life. His critiques of cultural imperialism and commodification have sparked critical dialogues regarding the role of culture in a globalized context. His dialectical method encourages scholars to interrogate contradictions within cultural texts, illuminating their implications for understanding social realities (Jameson, 1991; Jameson, 1981).

Throughout his esteemed career, Jameson has received numerous accolades, including the Eugene O'Neill Award and the Hannah Arendt Prize for Political Thought. His works have been translated into various languages, cementing his position as a global intellectual and a pivotal figure in contemporary critical theory. As a foundational figure in cultural criticism, Jameson's Marxist approach to literature and culture resonates across academic and intellectual circles. His incisive insights into the intersections of culture, politics, and economics prompt scholars and readers to rethink their understanding of contemporary society and the multifaceted role of art within it. His legacy is characterized by a commitment to uncovering the intricate relationships between cultural production and social conditions, emphasizing the enduring relevance of critical theory in understanding the modern world.

Fredric Jameson's work in cultural theory and literary criticism has spurred a wide range of responses from scholars and critics, highlighting both the merits and shortcomings of his analyses concerning culture and capitalism. Terry Eagleton acknowledges Jameson's significant insights into the cultural dynamics shaped by capitalism but critiques the abstract nature of his writing. Eagleton argues that Jameson's dense prose can alienate readers and advocates for clearer, more accessible language in critical discourse. He also comments on Jameson's ambivalence toward postmodernism, interpreting it as a complex interplay of critique and acknowledgment. Similarly, Martha Nussbaum raises concerns about Jameson's Marxist framework, specifically regarding his perceived neglect of individual agency and the emotional dimensions of literature. Nussbaum argues that his focus on ideology may obscure the richness of personal experiences and moral complexities in literary works, advocating for a more humanistic approach that incorporates emotional and ethical considerations. Additionally, while not a direct critic, the ideas of Alexis de Tocqueville regarding democracy and individualism



have been invoked to challenge Jameson's interpretations, suggesting that his emphasis on collective ideology may overlook the significance of individual experiences within diverse cultural expressions.

Further critiques come from scholars like Cynthia Willett and Mark Fisher, who approach Jameson's theories from distinct perspectives. Willett challenges what she sees as Jameson's deterministic view of culture, suggesting he underappreciates the potential for resistance within cultural practices, and that his analyses may overlook individual agency and subcultural challenges to dominant ideologies. Mark Fisher engages with Jameson's concept of "cognitive mapping" in the context of neoliberalism, appreciating his critical lens but arguing that it can lead to a sense of paralysis in addressing contemporary cultural politics. Fisher calls for a more dynamic cultural criticism that confronts urgent contemporary issues rather than relying solely on historical perspectives. Comparisons to earlier Marxist theorists such as Georg Lukács and Theodor Adorno also arise, with some scholars asserting that, while significant, Jameson's work lacks the nuanced critique of culture's aesthetic dimensions offered by Adorno. This tension highlights the balance in Jameson's work between ideological analysis and aesthetic appreciation, complicating the conversation within cultural studies, where critics question whether his focus on ideology results in an overly homogenized view of culture that fails to account for local practices, diverse identities, and the complexities of cultural production.

Within the realm of cultural studies, some critics question Jameson's emphasis on ideology, arguing that it comes at the expense of individual cultural expressions. They contend that his theoretical framework may lead to an overly simplified view of culture, neglecting local practices, diverse identities, and the intricate realities of cultural production.

In conclusion, Fredric Jameson's work has elicited a variety of critical responses that underscore the strengths and limitations of his theoretical frameworks. While many appreciate his insights into the interplay between culture and capitalism, there is a common call for a more nuanced and accessible approach to cultural analysis that acknowledges individual agency and the emotional dimensions of cultural artifacts.

**Fredric Jameson on Fascism**

Fredric Jameson's reflections on fascism are closely tied to his broader critiques of postmod-

ernism, capitalism, and ideology. He perceives fascism not only as a political regime but also as a cultural phenomenon intricately linked to the socio-economic conditions of its time. According to Jameson, fascism emerges as a response to the crises and contradictions embedded within capitalism, particularly during periods of economic instability and social upheaval. He asserts that "fascism is a form of cultural expression that can be understood as a reaction to the collapse of the liberal order, seeking to reestablish order and unity in a society facing fragmentation and dislocation."

In his analysis, Jameson emphasizes that fascism seeks to unify fragmented identities and cultivate a sense of collective belonging amid feelings of alienation. He argues that the appeal of fascism lies in its ability to offer "simple solutions to complex social problems," attracting individuals who feel disillusioned by the complexities of modern life and capitalist alienation. This connection to populist rhetoric is viewed as a strategy to garner support by tapping into cultural fears and anxieties, as he observes, "the cultural logic of late capitalism produces a situation where the response to crisis is often an appeal to myth and nostalgia."

Moreover, Jameson critiques the cultural foundations of fascism by examining its aesthetics and how it employs symbols and narratives to construct a cohesive national identity. He contends that fascism utilizes cultural tropes—such as mythologized histories and idealized pasts—to evoke nostalgia and restore a perceived sense of lost greatness. He comments that "the aestheticization of politics in fascism often involves a revival of the past, creating an imagined community that appeals to those feeling marginalized or threatened by modernity." This nostalgic allure is particularly effective in attracting individuals who feel disenfranchised, providing them with a distorted sense of identity and belonging.

Jameson’s exploration of fascism underscores its ties to capitalism's contradictions, the mobilization of cultural symbols, and individuals' psychological needs for meaning and belonging. His work serves as a cautionary reminder of the potential for authoritarian ideologies to arise during times of crisis, emphasizing the critical importance of engaging with culture and ideology to resist such trends and advocate for a more inclusive and equitable social order. He states, "To confront fascism today, we must first understand the cultural conditions that allow it to flourish in the cracks of a failing system."

Jameson’s contributions to cultural theory have significantly influenced contemporary thought by merging Marxist analysis with postmodern critique, fundamentally reshaping our understanding of the relationship between culture, ideology, and capitalism. His seminal concepts, such as the "political unconscious" and "cognitive mapping," challenge us to view cultural artifacts not merely as aesthetic objects but as reflections of the socio-historical contexts that shape them, exposing the ideological forces at play within narratives and artistic expressions. While his dense prose and perceived determinism have attracted critiques for overshadowing individual agency and emotional depth, Jameson's work remains an essential lens for examining the complexities of cultural production in capitalist societies. Ultimately, his legacy endures as he invites ongoing dialogue about the connections between narrative, identity, and socio-economic structures, fostering a deeper understanding of the cultural dynamics that continue to shape our world.

**Bibliography**

Eagleton, Terry. *The Illusions of Postmodernism*. London: Verso, 1996.

Fisher, Mark. *Capitalist Realism: Is There No Alternative?* Winchester: Zero Books, 2009.

Jameson, Fredric. *Archaeology of the Future: The Desire Called Utopia and Other Science Fictions*. Verso, 2005.

Jameson, Fredric. *Globalization and Its Discontents*. Verso, 2001.

Jameson, Fredric. *Marxism and Form: Twentieth-Century Dialectical Theories of Literature*. Princeton University Press, 1971.

Jameson, Fredric. *Postmodernism, or, The Cultural Logic of Late Capitalism*. Durham: Duke University Press, 1991.

Jameson, Fredric. *The Ideologies of Theory*. Verso, 1988.

Jameson, Fredric. *The Political Unconscious: Narrative as a Socially Symbolic Act*. Ithaca: Cornell University Press, 1981.

Jameson, Fredric. *Valences of the Dialectic*. Verso, 2009.

Lukács, Georg. *History and Class Consciousness: Studies in Marxist Dialectics*. Cambridge: MIT Press, 1971.

Nussbaum, Martha C. *Poetic Justice: The Literary Imagination and Public Life*. Boston: Beacon Press, 1995.

Willett, Cynthia. *Maternal Ethics and Other Slave Moralities*. New York: Rowman & Littlefield, 1995.

**ഇ.പി. രാജഗോപാലൻ**
നിരൂപകൻ

# ആഖ്യാനത്തിലെ അന്വേഷണം; എഴുത്തിന്റെ ഭാഷാവഴികൾ

സാഹിത്യ നിരൂപണം മരിച്ചോ എന്ന് എല്ലാ ഭാഷകളിലും ആളുകൾ ചോദിക്കുന്നുണ്ടോ എന്നറിയില്ല. ഏതായാലും കേരളത്തിൽ അത്തരം ചോദ്യങ്ങൾ ഉയരുന്നുണ്ട്. നിരൂപണം മരിച്ചു എന്ന് നല്ല ആത്മവിശ്വാസത്തോടെ പറയുന്ന ആളുകൾ നമ്മുടെ നാട്ടിലുണ്ട്. വാസ്തവത്തിൽ നിരൂപണം മരിച്ചു എന്ന് പറയുന്നത് ഒരു നിലപാടിന്റെ ഭാഗമായാണ്. അങ്ങനെയുള്ളവർക്ക് വേണ്ടത് നിരൂപണം അല്ല. പ്രശംസയാണ് അല്ലെങ്കിൽ ശകാരമാണ്. സംസ്കാരത്തിന്റെയും ദർശനത്തിന്റെയും ഉൾക്കാഴ്ചയുടെയും വിശകലനത്തിന്റെയും തീർച്ചയായും സഹജാവബോധത്തിന്റെയും ഊർജ്ജത്തിലുള്ള സാഹിത്യ വിമർശനം ഇഷ്ടപ്പെടാത്ത , വേണ്ടാത്ത ആളുകൾ ആണ് നിരൂപണം മരിച്ചു എന്ന് വിചിത്രമായ ആഹ്ളാദത്തോടെ അലറി വിളിക്കുന്നത്. സാഹിത്യ നിരൂപണം തുടരുന്നുണ്ട്. സാഹിത്യവിമർശനപരമായ പുസ്തകങ്ങൾ വരുന്നുണ്ട്. ആളുകൾ വായിക്കുന്നുണ്ട്. പക്ഷേ പൊതുവിപണിയ്ക്ക് വേണ്ടത് അങ്ങനെയുള്ള കൃതികൾ അല്ല. മറിച്ച് പരസ്യവാചകങ്ങൾ പോലുള്ള ഏർപ്പാടാണ്. എന്റെ രചന നല്ലതെന്ന് പറയണം മറ്റവന്റെ രചന മോശമെന്ന് പറയണം. ഈ മനോഭാവം വ്യാപകമായിരിക്കുന്നു. ഇത് പ്രബലമായി വരികയാണ്. ഇമ്മട്ടിലുള്ള സ്തുതിവചനങ്ങൾക്കുള്ള വിരലോ മഷിയോ എഴുത്തുകാരുടെ ഭാഗത്തില്ല. ഭാഷയുടെയും സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ ഉള്ള സർഗ്ഗാത്മകമായ അന്വേഷണം ആണ് സാഹിത്യ വിമർശനം. അത് സംസ്കാരത്തെ വിലയിരുത്തുന്നു. അത് ദേശത്തിന്റെ, ഭാഷയുടെ പ്രകൃതത്തെക്കുറിച്ചുള്ള അന്വേഷണമാണ്. എഴുത്താളെന്ന സ്വകാര്യ വ്യക്തിയെ പ്രശംസിക്കലോ ശകാരിക്കലോ അല്ല അതിന്റെ ലക്ഷ്യം. വായന ഉള്ളിടത്തോളം നിരൂപണം മരിക്കില്ല. നിരൂപകന്റെ രാജ്യഭാരം എന്നൊരു പുസ്തകം ഉണ്ട്. ഞങ്ങളുടെ ഒരു പ്രൊഫസറാണ് അത് എഴുതിയത്. നിരൂപകൻ അധികാരിയാണ് എന്ന ബോധത്തിന് ഇപ്പോൾ ഇളക്കം തട്ടുന്നുണ്ട്. അത് നല്ലതുമാണ്. നിരൂപകർ അടിസ്ഥാനപരമായി വായനക്കാരാണ്. നിരൂപകർ ശ്രദ്ധയോടെ, വൈദഗ്ധ്യത്തോടെ വായിക്കുന്നവരാണ്. അവരുടെ ശ്രദ്ധ സർഗ്ഗാത്മകമാണ്. ലോകബോധവും അതിലുണ്ട്. അവർ അധികാരികളല്ല. രാജ്യഭാരം നടത്തുന്നവരല്ല. പണ്ട് അധികാരസ്ഥാനങ്ങളായി നിരൂപകരെ കണക്കാക്കിയിരുന്നവെങ്കിൽ അത് നിരൂപകരുടെ കുഴപ്പമല്ല. രാജാധികാരത്തിന്റെ അന്തരീക്ഷം നിലനിന്ന് പോകുന്നതിന്റെ ഒരു പ്രതീതിയായിരുന്നു അത് . നിരൂപണം ശ്രദ്ധിക്കുന്ന ഒരു കാര്യം എഴുതുന്നയാൾ ഉദ്ദേശിക്കുന്ന അർത്ഥം athorial meaning മാത്രം അല്ല. അത് കൃതിക്ക് സാധ്യമായ പല അർത്ഥങ്ങളിൽ ഒരർത്ഥം മാത്രമാണ്. ഗ്രന്ഥകർത്താവിന്റെ അർത്ഥം കൃതിയുടെ അർ

ത്ഥജീവിതത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. ഗ്രന്ഥകർത്താവ് നൽകുന്ന അർത്ഥത്തിന് സവിശേഷമായ ആധികാരികതയൊന്നും ഇല്ല. അതല്ല കൃതിയുടെ ഒരേയൊരു അർത്ഥം.


ഒരു കൃതിയിലെ അർത്ഥഘടനയിൽ ഇണക്കങ്ങൾ ഉണ്ടാകും. കൃതിയിലെ ഒരു ആശയത്തിന് ഇണങ്ങാത്ത ആശയങ്ങളും ആ കൃതിയിൽ ഉണ്ടാകാം. അങ്ങനെയാണ് ഒരു കൃതി ജീവിതത്തിന്റെ ഇടം ആകുന്നത്. ഒറ്റയർത്ഥമാണ് കൃതിയെന്നും ഗ്രന്ഥകർത്താവ് എന്ന സ്വകാര്യ വ്യക്തിയുടെ തീരുമാനം ആണ് അർത്ഥം എന്നും കരുതരുത്. ഒരു കൃതിയുടെ ഗ്രന്ഥജീവിതം, സാംസ്കാരിക ജീവിതം എക്കാലത്തേയ്ക്കും നിയന്ത്രിക്കാനുള്ള ആളല്ല അതെഴുതിയ വ്യക്തി. മറിച്ചുള്ള തോന്നൽ ഫാസിസം പോലെ ഒന്നാണ്. നിരൂപണം മരിച്ചു,മരിച്ചുകൊണ്ടിരിക്കുന്നു, അതിന്റെ പുക കണ്ടു, അടക്കം കഴിഞ്ഞു എന്നൊക്കെ പറയുന്നത് പോപ്പുലർ സൈബർ മീഡിയയിൽ വരുന്ന അഭിപ്രായങ്ങൾ, ഫാൻ മെയ്ലുകൾ ആണ് നിരൂപണം എന്ന വിചാരം കൊണ്ടാണ്. നിരൂപണം ഒരു കൂട്ടിക്കൊടുപ്പ്(pimping)അല്ല. ഫാൻ മെയ്ലുകൾ നിരൂപണത്തിന് പകരമല്ല. അത് വെറും പ്രശംസയോ അഭിശംസയോ ആണ്. അത് ഒരു സാംസ്കാരിക യത്നമല്ല. ഇഷ്ടാനിഷ്ടങ്ങളുടെ വൈകാരിക പ്രകടനങ്ങൾ മാത്രമാണ്. സൈബർ കുറിപ്പുകളിൽ മികച്ചവയുണ്ട്. പക്ഷേ മിക്കവയും അപകടകരമാം വിധം സ്വകാര്യ വ്യക്തിപരമാണ്. ഇക്കാര്യം നല്ല എഴുത്തുകാർക്കും നല്ല വായനക്കാർക്കും അറിയാം. സൈബർ സ്പേസിൽ വാശിപിടിച്ചു ഒരു പുസ്തകത്തെ തകർക്കാൻ നോക്കുന്നവർ ഉണ്ട്.  അതേ വാശിയോടെ ഒരു എഴുത്താളിനെ പുകഴ്ത്താനും നോക്കുന്നു. ഇതാണ് ഇപ്പോൾ സംഭവിക്കുന്നത്.  ഇത് സാംസ്കാരിക രംഗത്തെ ജനാധിപത്യ ബോധത്തിന്റെ ഭാഗമല്ല. ഫാസിസം തന്നെയാണ്.




നിരൂപണം മറ്റൊരു സാഹിത്യ കൃതിയാണ്. നിരൂപണം സാഹിത്യ കൃതികൾക്ക് മാത്രം ഉള്ളതുമല്ല. എന്തിനെപ്പറ്റിയും നിരൂപണം ചെയ്യാം. നിരൂപണം എഴുതാം. വാസ്തവത്തിൽ നിരൂപണം ചെയ്തു കൊണ്ടാണ് നാം ജീവിച്ചു കൊണ്ടിരിക്കുന്നത്. സംസ്കാര പഠനം (Cultural Studies) വരുന്നതോടെ എന്തിനെപ്പറ്റിയും നിരൂപണം ചെയ്യാം എന്ന് വ്യക്തമായിരിക്കുന്നു.  എന്തിനെക്കുറിച്ചും എഴുതാം. തീവണ്ടിയെക്കുറിച്ചും വഴികളെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചും തോർത്ത് മുണ്ടിനെക്കുറിച്ചും എഴുതാം. കമ്പ്യൂട്ടറിനെക്കുറിച്ചും വിമാനത്തെക്കുറിച്ചും എഴുതാം. പട്ടണിയെയും കുടവയറിനെയും കുറിച്ച് എഴുതാം. കടപ്പുറത്തെപ്പറ്റിയും മരുഭൂമിയെപ്പറ്റിയും എഴുതാം. കുന്നിനെക്കുറിച്ചും കുണ്ടിനെക്കുറിച്ചുമെഴുതാം. തെറിപ്പാട്ടിനെക്കുറിച്ചും മുദ്രാവാക്യത്തെക്കുറിച്ചും എഴുതാം. നടത്തത്തെക്കുറിച്ച് എഴുതാം.  വസ്ത്രത്തെക്കുറിച്ച് എഴുതാം. ജീവിതവുമായി ബന്ധമുള്ള എന്തിനെപ്പറ്റിയും എഴുതാം.

ഇപ്പോൾ സിദ്ധാന്തങ്ങളുടെ ഭരണവുമുണ്ട്. സിദ്ധാന്തങ്ങൾ വേണം. ടെക്സ്റ്റുകളാണ് എന്ന വിചാരം വേണം. കഥപോലെ കവിത പോലെ ഒരു ടെക്സ്റ്റ് ആണ്. അല്ലാതെ ആധികാരിക ഗ്രന്ഥങ്ങൾ അല്ല.  സിദ്ധാന്തങ്ങളെ വേണ്ടത്ര ഉൾക്കൊള്ളാതെ ജീവിക്കുന്നവരുണ്ട്. സർഗ്ഗാത്മകമായ നിരൂപണം എന്തെന്ന് അവർക്കു അറിയില്ല. സിദ്ധാന്തങ്ങളെ ന്യായീകരിക്കാനുള്ള കാര്യങ്ങളായി സർഗ്ഗാത്മക രചനകളെ കാണുന്നവരുമുണ്ട്. ഇത് അത്യന്തം വരണ്ട അക്കാദമിക രീതിയാണ്. അക്കാദമിക മികവുള്ള ഒന്നല്ല അത്. ആവർത്തിക്കട്ടെ, നിരൂപണം ഒരു creative art ആണ്. സർഗ്ഗാത്മകതയെ ഒട്ടും ആവിഷ്കരിക്കാതെ പിടിച്ചു നിർത്തി, നിയന്ത്രിച്ചു നിർത്തിയ സ്വന്തം മനസ്സിൽ തോന്നുന്നതിനെ പിടിച്ചു നിർത്തി നിയന്ത്രിച്ചു നിർത്തി സിദ്ധാന്ത ശുദ്ധിയിൽ ഉറച്ച് നിൽക്കുന്നത് ഒരു തരം ഭീകരവാദപ്രവർത്തനമാണ്. ഇതൊക്കെ വായിച്ചു നിരൂപണം മരിച്ചു എന്ന് പറയരുത്.

ഖസാക്കിന്റെ ഇതിഹാസം ഒരാൾ വായിക്കുന്നു. അയാൾ പുസ്തകം തുറന്ന് ഒന്നാമത്തെ വാക്യം ശ്രദ്ധിക്കുന്നു. കൂമൻകാവിൽ ബസ് ചെന്നു നിന്നപ്പോൾ ആ സ്ഥലം രവിയ്ക്ക് അപരിചിതമായി തോന്നിയില്ല. കൂമൻകാവ്, ബസ് ഈ വാക്കുകൾ അടുത്തടുത്തുണ്ട്. കൂമൻകാവിൽ മനുഷ്യരില്ല. കൂമൻകാവ് മാത്രമേയുള്ളൂ. അതിനോട് ചേരുന്ന വാക്ക് ബസ് എന്നതാണ്. ഈ രണ്ട് വാക്കുകൾ അടുത്തടുത്ത് നിൽക്കുന്നു. ഈ രണ്ട് വാക്കുകൾ ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന്റെ അടിസ്ഥാന പ്രകൃതത്തെത്തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ശുദ്ധപ്രകൃതിയും ആധുനികതയും തമ്മിലുള്ള സംഘർഷമാണ് ഖസാക്കിൽ സൗന്ദര്യാത്മകമായും തത്വചിന്താപരമായും വികസിച്ചു നിൽക്കുന്ന ഒരു പ്രധാന വിഷയം. ഈ നിലയ്ക്ക് വായിക്കാൻ ഒരാൾക്ക് അവകാശമുണ്ട്. അത് സർഗ്ഗാത്മകമായ വായനയുമാണ്. വായന ഉള്ളിടത്തോളം നിരൂപണം ഉണ്ടാവും. കൃതിയിലെ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും മനസ്സിലാക്കുകയും എങ്ങനെ അത് ലോകത്തിന്റെ ഒരിടമാണ് എന്ന് മനസ്സിലാക്കലുമാണ് നിരൂപണം. ആലങ്കാരികമായി പ്രയോഗങ്ങൾ കൊണ്ടല്ല നിരൂപണം സർഗ്ഗാത്മകമാകുന്നത്. കണ്ടെത്തലുകളുടെ വ്യക്തതയും സൗന്ദര്യവും കൊ



ണ്ടാണ്.  ഇന്ത്യയിൽ കാരയിത്രി ,ഭാവയത്രി എന്നീ രണ്ടു തരം പ്രതിഭകൾ ഉണ്ട് എന്ന സങ്കല്പമുണ്ട്. കവിതയും കഥയും എഴുതുന്നത് കാരയത്രി പ്രതിഭയാണെങ്കിൽ വായനാസംബന്ധിയായപ്രതിഭയ്ക്ക് ഭാവയത്രി പ്രതിഭ എന്നാണ് പറയുക.

നിരൂപണം രണ്ടാംകിടയാണ്. ആർക്കും എഴുതാവുന്നതാണ് നിരൂപണം എന്ന വിചാരം തെറ്റാണ് . നിരൂപണം ഇല്ല,ഇല്ല എന്നു പറയുന്നവർ എഴുത്താൾ (writer) എന്ന സ്വകാര്യ വ്യക്തിയുടെ മാത്രം രാജ്യമാണ് കൃതി എന്ന് വിശ്വസിക്കുന്നവരാണ്. നിരൂപണത്തിന്റെ പണി വിശകലനമായത് കൊണ്ട് വിശകലനത്തെ തടയുകയും അതിനുപകരം വ്യക്തിയായ എഴുത്താളിന് പ്രശംസ അല്ലെങ്കിൽ ശകാരം നിർമ്മിക്കലാണ് നിരൂപണം എന്ന് കരുതുകയും ചെയ്യുന്നു.

ഉറപ്പിച്ചു പറയട്ടെ നിരൂപണം ഉണ്ട്. നിരൂപണഗ്രന്ഥങ്ങൾ വരുന്നുണ്ട്. നിരൂപണത്തിന്റെ പരിധി ഏറുന്നുണ്ട്. മുൻപ് നിരൂപണം നടക്കാത്ത ഇടങ്ങളിൽ  നിരൂപണം നടക്കുന്നുണ്ട്. നിരൂപണം വേണ്ടാത്ത ഭക്തസംഘങ്ങളുമുണ്ട്. വ്യത്യസ്ത രുചിക്കാരായ വായനക്കാർക്ക് പകരം അവർ കാണുന്നത് കേവലം ആസ്വാദകരെയാണ്. നിരൂപകർ എന്താണ് യഥാർഥത്തിൽ ചെയ്യുന്നത് എന്ന് അവർ അന്വേഷിക്കുന്നില്ല. പല എഴുത്തുകാർക്കും വേണ്ടത് തങ്ങളെ കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്ന ആൾക്കൂട്ടങ്ങളെയാണ്.  ഇപ്പോൾ നിരൂപണം സജീവമല്ല എന്ന് പറയുന്നവരു പല എഴുത്തുകാർക്കും വേണ്ടത് തങ്ങളെ കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്ന ആൾക്കൂട്ടങ്ങളെ മാത്രമാണ്. ഇപ്പോൾ നിരൂപണം സജീവമല്ല എന്ന് പറയുന്നവരുടെ കൂട്ടത്തിൽ ഇങ്ങനെയുള്ള എഴുത്തുകാരും ഉണ്ട്. അവരിൽ ചില മുതിർന്ന എഴുത്തുകാരുമുണ്ട്.  അവർ ആഗ്രഹിക്കുന്നത് ഇന്ന് പുറത്ത് വരുന്ന പുസ്തകത്തെപ്പറ്റി നാളെ രാവിലെ തന്നെ ആസ്വാദനപരമായ ലേഖനം വേണം എന്നാണ്. അവരുടെ മനസ്സിലുള്ളത് വാസ്തവത്തിൽ നിരൂപണം അല്ല പുസ്തക റിവ്യൂ ആണ്.  അതു വരുന്നില്ലെങ്കിൽ അവർ നിരൂപണം സജീവമല്ല എന്ന് പറയും. ചോദിക്കട്ടെ, ഒരു നോവലിസ്റ്റ് അല്ലെങ്കിൽ കഥയെഴുതുന്ന ആൾ എല്ലാ വിഷയങ്ങളെക്കുറിച്ചും എഴുതാറുണ്ടോ? അങ്ങനെ അവർ ആർക്കെങ്കിലും ഉറപ്പ് കൊടുത്തിട്ടുണ്ടോ? ഇത് നിരൂപകരുടെ ജീവിതത്തിലേക്ക് പ്രവേശിപ്പിച്ചാൽ നമുക്ക് മനസ്സിലാവും നിരൂപകർ എല്ലാ വിഷയത്തെക്കുറിച്ചും എല്ലാ കൃതികളെക്കുറിച്ചും എഴുതേണ്ടതില്ല.  അവർക്ക് അവരുടേതായ സാംസ്കാരിക പ്രചോദനത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള തെരഞ്ഞെടുപ്പുകൾ ഉണ്ട്. അതിനുള്ള അവകാശവും അർഹതയും സ്വാതന്ത്ര്യവുമുണ്ട്. ഉടനടി ചില എഴുത്തുകളുണ്ടാവും. ചിലപ്പോൾ ഉണ്ടായില്ല എന്ന് വരും.  ചിലപ്പോൾ കുറേക്കഴിഞ്ഞ് എഴുതിയെന്ന് വരും. അതിനുള്ള സ്വാതന്ത്ര്യം കവിക്കും കഥാകൃത്തിനും നോവലിസ്റ്റിനുമുള്ളത് പോലെ നിരൂപകർക്കും ഉണ്ട്. കഥയും കവിതയുമെല്ലാം ലോകത്തെക്കുറിച്ചുള്ള, ജീവിതത്തെക്കുറിച്ചുള്ള, ഭാഷയെക്കുറിച്ചുള്ള ആവിഷ്കാരമാണ്. നിരൂപണവും അതുതന്നെ.  അതിനുള്ള നല്ല ടൂളുകൾ മാത്രമാണ് നിരൂപണത്തിന് സാഹിത്യകൃതികൾ.  കഥയിലും കവിതയിലുമൊക്കെ മുൻകൂറായി നിറച്ചു വച്ച അർത്ഥത്തിന്റെയും സൗന്ദര്യത്തിന്റെയും ഇടങ്ങൾ കണ്ടെത്തുന്നവരല്ല നിരൂപകർ. അവയെ അസ്സലായി വ്യാഖ്യാനിച്ചു കൊടുക്കുന്നവർ എന്ന നിലയിൽ അല്ല നിരൂപകരെ കാണേണ്ടത്. നിരൂപണം മറ്റൊരു ക്രിയേറ്റീവ് ആർട്ട് ആണ്.  ലോകവായനയുടെ ഭാഗമായാണ് നിരൂപകർ കൃതികൾ വായിക്കുന്നത്.

**ഡോ. ടി. ആർ. മനോജ്**
അസോസിയേറ്റ് പ്രൊഫസർ, ചരിത്ര വിഭാഗം, എംഎസ്എം കോളേജ് കായംകുളം
(വൈസ് പ്രസിഡണ്ട്, എകെപിസിടിഎ)

# രാജാ പ്രത്യക്ഷ ദൈവതം : മതരാഷ്ട്രവാദം പ്രത്യാനയിക്കപ്പെടുമ്പോൾ

ഇന്ന് കാണുന്ന രീതിയിൽ 'കേരളം' എന്ന ഭൂവിഭാഗവും ദേശനാമവും ഭാവന ചെയ്യപ്പെടുന്നതിന് പുറകിൽ ദീർഘകാലത്തെ ആലോചനകളും അന്വേഷണങ്ങളും ശ്രമങ്ങളുമുണ്ട്. നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന ഭൂഭാഗങ്ങളെല്ലാം വിശാലവും മതേതരവുമായ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി 'ഐക്യകേരളം ' സങ്കല്പത്തിലേയ്ക്ക് പരിണമിക്കുകയായിരുന്നു. ഭൂഭാഗസങ്കല്പങ്ങളും രാഷ്ട്രീയ വീക്ഷണവും സമഞ്ജസമായി സമ്മേളിച്ചതിന്റെ അനന്തരഫലമായിരുന്നു ഇത്. കേരള സംസ്ഥാന രൂപീകരണത്തിൽ പേരിന് വലിയ പ്രസക്തി ഉണ്ട്.കേരളം എന്ന പേരിന്റെ രാഷ്ട്രീയം ചർച്ച ചെയ്യേണ്ട സന്ദർഭമാണിത്.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളെ ഒരു ഭൂപ്രദേശമായി സംയോജിപ്പിക്കുക എന്നതായിരുന്നു 'ഐക്യകേരള പ്രസ്ഥാന'ത്തിന്റെ ലക്ഷ്യം.അന്ന് മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു, അതേസമയം കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷുകാരുടെ പരോക്ഷ ഭരണത്തിൻ കീഴിലുള്ള നാട്ടുരാജ്യങ്ങളായി തുടർന്നു വന്നു. 1920-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നാഗ്പൂർ സമ്മേളനം സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ പ്രാദേശിക അടിസ്ഥാനത്തിലല്ലാതെ ഭാഷാടിസ്ഥാനത്തിൽ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി [കെപിസിസി] സ്ഥാപിച്ചു. കെ.പി.സി.സി. യുടെ രൂപീകരണം കേരള സംസ്ഥാന രൂപീകരണ പ്രക്രിയയിൽ ഒരു പ്രധാന നാഴികക്കല്ലായി മാറി. 1921-ൽ ഒറ്റപ്പാലത്ത് നടന്ന കേരള പ്രദേശ് രാഷ്ട്രീയ സമ്മേളനത്തിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നിന്നുള്ള ആളുകൾ പങ്കെടുത്തു.

1928-ൽ നടന്ന നാട്ടുരാജ്യ ജനകീയ സമ്മേളനവും അഖില കേരള കുടിയാൻ സമ്മേളനവും 'ഐക്യകേരളം' (ഏകീകൃത കേരളം) ആവശ്യപ്പെട്ട് പ്രത്യേക പ്രമേയങ്ങൾ അംഗീകരിച്ചു.

ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ നടന്ന പയ്യന്നൂരിലെ കോൺഗ്രസ് സമ്മേളനം സ്വാതന്ത്ര്യലബ്ധിക്ക് ശേഷം പ്രത്യേക കേരള സംസ്ഥാനം രൂപീകരിക്കണമെന്ന് കോൺഗ്രസ് ദേശീയ നേതൃത്വത്തോട് പ്രമേയത്തിലൂടെ അഭ്യർത്ഥിച്ചു.

1930-കളിൽ കേരളത്തിൽ സോഷ്യലിസ്റ്റ് പാർട്ടി സംഘടിപ്പിച്ച തൊഴിലാളികളുടെയും കർഷകരുടെയും വിദ്യാർത്ഥികളുടെയും പ്രസ്ഥാനങ്ങൾ ഐക്യകേരള പ്രസ്ഥാനത്തിന് കൂടുതൽ ഉണർവേകി.

1937-ലെ അഖില കേരള വിദ്യാർത്ഥി സമ്മേളനവും 1935-ലെ അഖില കേരള വ്യാപാരി യൂണി



യൻ സമ്മേളനവും ഈ ആവശ്യം ശക്തമാക്കി.

1945-ൽ നടന്ന കെപിസിസി, കൊച്ചിൻ സ്റ്റേറ്റ് പീപ്പിൾസ് കോൺഗ്രസ്, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്നിവയുടെ സംയോജിത യോഗം കേരളത്തിന്റെ പ്രത്യേക സംസ്ഥാന രൂപീകരണത്തിനായി സ്വീകരിക്കേണ്ട പദ്ധതികൾ ചർച്ച ചെയ്തു.

1946 ഒക്ടോബറിൽ ചെറുതുരുത്തിയിൽ ചേർന്ന ഉപസമിതി യോഗം സംസ്ഥാനത്തുടനീളമുള്ള പ്രതിനിധികളുടെ വിപുലമായ യോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. 1947 ഏപ്രിലിൽ തൃശ്ശൂരിൽ വെച്ച് നടന്ന ഐക്യകേരള കൺവെൻഷനിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. സമ്മേളനത്തിൽ കോൺഗ്രസ് നേതാവ് കെ.കേളപ്പൻ അധ്യക്ഷത വഹിച്ചു. കൊച്ചി രാജാവ് ഉദ്ഘാടനം ചെയ്തു. ഭൂമിശാസ്ത്രപരവും ഭാഷാപരവും സാംസ്കാരികവും സാമ്പത്തികവും ഭരണപരവുമായ വശങ്ങൾ പരിഗണിച്ച് കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷുകാർ ഭരിക്കുന്ന മലയാളം സംസാരിക്കുന്ന പ്രദേശങ്ങളും മാഹിയും പിടിച്ചെടുത്ത് കേരള സംസ്ഥാനം രൂപീകരിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെട്ടു.

സ്വാതന്ത്ര്യാനന്തരം കെ.കേളപ്പന്റെ നേതൃത്വത്തിൽ ഒരു നിവേദന സമിതി 1948-ൽ ഡൽഹിയിലേക്ക് പോകുകയും ഐക്യകേരള രൂപീകരണം ആവശ്യപ്പെട്ടുകൊണ്ട് നെഹ്റുവിന് ഒരു നിവേദനം നൽകുകയും ചെയ്തു. പുതിയ സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഭാഷാടിസ്ഥാനത്തിൽ അന്വേഷിക്കുന്നതിനും സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 'ധർ കമ്മീഷൻ' എന്ന പേരിൽ ഒരു സംസ്ഥാന ഭാഷാ കമ്മീഷനെ ഭരണഘടനാ അസംബ്ലി നിയമിച്ചു. 1949 ജൂലൈ 1 ന് തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങൾ സംയോജിപ്പിച്ചു. തിരുകൊച്ചി എന്ന സംസ്ഥാനം രൂപീകരിച്ചു. ഈ സമയമായപ്പോഴേക്കും തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ചേരുകയും ഉത്തരവാദിത്ത സർക്കാരുകൾ നിലവിൽ വരുകയും ചെയ്തു.

തിരു-കൊച്ചി സംയോജനം യാഥാർത്ഥ്യമാക്കിയത് അന്നത്തെ കേന്ദ്ര സംസ്ഥാന മന്ത്രാലയ സെക്രട്ടറിയായിരുന്ന വി പി മേനോ

ന്റെ പ്രവർത്തനമാണ്. തിരുകൊച്ചി സംസ്ഥാനത്തിന്റെ രാജപ്രമുഖ് സ്ഥാനം തനിക്കു തന്നെ വേണമെന്ന് തിരുവിതാംകൂർ രാജാവ് വാശിപിടിച്ചു. എന്നാൽ വിശാലമായ ജനതാത്പര്യം മുൻനിർത്തി തന്റെ എല്ലാ അവകാശങ്ങളും സ്ഥാനങ്ങളും ഒഴിയാൻ കൊച്ചി രാജാവ് മനസു കാട്ടുകയാണുണ്ടായത് .

തിരു-കൊച്ചി സംസ്ഥാനത്തിന്റെ തലസ്ഥാനം തിരുവനന്തപുരമായും ഹൈക്കോടതി എറണാകുളമായും നിശ്ചയിച്ചു. തിരുവിതാംകൂർ രാജാവ് തിരു-കൊച്ചി സംയോജിത സംസ്ഥാനത്തിന്റെ 'രാജപ്രമുഖ്' ആയി. 1950-ൽ തിരുവിതാംകൂർ പ്രധാനമന്ത്രിയായിരുന്ന ടി.കെ.നാരായണപിള്ളയെ പുതുതായി രൂപീകരിച്ച സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയായി നിയമിച്ചു.

തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായതിന് ശേഷം 1949-ൽ പാലക്കാട്ട് വെച്ച് അടുത്ത 'ഐക്യകേരള സമ്മേളനം' നടന്നു. 1952-ൽ കെപിസിസി മലബാർ പ്രദേശ് കോൺഗ്രസ് കമ്മിറ്റി, തിരു-കൊച്ചി പ്രദേശ് കോൺഗ്രസ് കമ്മിറ്റി എന്നിങ്ങനെ പിളർന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യവുമായി സമാനമായ നിരവധി സമരങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്നു.

കെ.എം പണിക്കർ അധ്യക്ഷനായി പുതിയ കമ്മീഷൻ രൂപീകരിച്ചു, കേരള സംസ്ഥാന രൂപീകരണത്തെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി മെമ്മോറാണ്ടങ്ങൾ സ്വീകരിക്കാൻ അത് കേരളത്തിലെത്തി.

പണിക്കർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956-ൽ കേരള സംസ്ഥാന പുനഃസംഘടന നിയമം പാസാക്കി. മലബാർ തിരു-കൊച്ചിയുമായി കൂട്ടിച്ചേർക്കുകയും 1956 നവംബർ 1-ന് കേരള സംസ്ഥാനം നിലവിൽ വരികയും ചെയ്തു.


രാജപ്രമുഖ് സ്ഥാനം നിർത്തലാക്കുകയും സംസ്ഥാന എക്സിക്യൂട്ടീവിന്റെ തലവനെ 'ഗവർണർ' എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

ആധുനിക തിരുവിതാംകൂർ രൂപീകരിക്കപ്പെട്ടതു മാർത്താണ്ഡവർമയുടെ ഭരണകാലത്താണ്. നിരവധി നാട്ടുരാജ്യങ്ങൾ കീഴടക്കിയ അദ്ദേഹം ആ രാജ്യങ്ങളിൽ നിന്നും ഉയരുന്ന രാജ്യവിരുദ്ധ കലാപങ്ങളെ ഇല്ലാതാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി ആയിരുന്നു തൃപ്പടിദാനം.

അദ്ദേഹത്തിന്റെ ഭരണകാലത്തു തിരുവിതാംകൂറിൽ ബ്രാഹ്മണ മേധാവിത്വഭരണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. തുലാപുരുഷദാനം, മുറജപം, ഹിരണ്യഗർഭം തുടങ്ങിയ ആചാരങ്ങൾ ബ്രാഹ്മണ മേധാവിത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ജ്യാതിവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്നതിനും വേണ്ടിയായിരുന്നു.

ബ്രാഹ്മണന്മാർക്കു മാത്രമേ വിദ്യാഭ്യാസം നേടുന്നതിനും ഭരണപരമായ കർത്തവ്യങ്ങൾ ചെയ്യുന്നതിനും പ്രാപ്തിയുള്ളൂ എന്ന് വിശ്വസിച്ച തിരുവിതാംകൂർ ഭരണകൂടം തമിഴ്നാട്ടിൽനിന്ന് ബ്രാഹ്മണന്മാരെ വിളിച്ച് വരുത്തി ഗവണ്മെന്റ് ഉദ്യോഗങ്ങളിൽ നിയമിച്ചു.

മലയാളി മെമ്മോറിയൽ ഈഴവമെമ്മോറിയൽ എന്നീ നിവേദനങ്ങളുടെ അവസ്ഥ എന്തായിരുന്നു എന്ന്



യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം



എല്ലാവർക്കുമറിയാമല്ലോ. സ്വാതിതിരുനാളിന്റെ കാലത്തു സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി കോളേജ് അവർണരായ ജനങ്ങൾക്ക് അപ്രാപ്യമായിരുന്നു. വർണവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്നതിനായി സവർണർക്ക് മാത്രം ഉന്നതവിദ്യാഭ്യാസം നൽകുന്നതിനു രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റി കോളേജ് തിരുവിതാംകൂർ ഭരണകൂടം വച്ചുപുലർത്തിയിരുന്ന ജാതി വിവേചനത്തിന്റെ ഉദാത്ത മാതൃക ആയിരുന്നു.

കേരള ഗവണ്മെന്റിന്റെ നിയന്ത്രണത്തിൽ വരുന്നതുവരെ കേരള യൂണിവേഴ്സിറ്റി ബഹുഭൂരിപക്ഷം വരുന്ന അവർണ്ണർക്ക് ബാലികേറാമല തന്നെ ആയിരുന്നു.

1957 ൽ കേരളത്തിൽ നിലവിൽ വന്ന ജനകീയ സർക്കാർ സ്വീകരിച്ച സാർവത്രിക വിദ്യാഭ്യാസ നയങ്ങളും പദ്ധതികളുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ മാഗ്നാകാർട്ട എന്ന് അറിയപ്പെടുന്നത്. കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് സ്വീകരിച്ച സാർവത്രിക ജനകീയ വിദ്യാഭ്യാസ പദ്ധതികളിൽ നിന്ന് പിന്മാറുന്നതിനു പിൽക്കാല ഗവൺമെന്റുകൾക്ക് കഴിഞ്ഞില്ല. അത്രമേൽ ജനപിന്തുണ ആർജിച്ച കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ ഈ വിദ്യാഭ്യാസ പദ്ധതികളാണ് കേരളം ഇന്ന് നേടിയ വിദ്യാഭ്യാസ പുരോഗതിയുടെ കാരണം. അല്ലാതെ തിരുവിതാംകൂർ ഭരണകൂടം സ്ഥാപിച്ച ഒരു കെട്ടിടമാണ് വിദ്യാഭ്യാസ പുരോഗതിയുടെ കാരണമായി കരുതുന്നതെന്നത് മൂഢത്വം എന്നല്ലാതെ എന്ത് പറയാൻ.

"കേരള സർവകലാശാല എന്ന പേര് ശരിയാണോ? കേരള സർവകലാശാലയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിറ്റി എന്നാക്കണം. നമ്മുടെ ഭൂമിക്ക് പേരില്ല, നമ്മുടെ ഭൂമിക്ക് ഓർമ്മ പോലും ഇല്ലാതായി." എൻ.വി.സാഹിത്യ പുരസ്കാര വേദിയിൽ വച്ച് തിരുവിതാംകൂർ രാജകുടുംബാംഗം ഗൗരി ലക്ഷ്മി ഭായി നടത്തിയ ഈ പ്രസ്താവന നിഷ്കളങ്കമായ വർത്തമാനമല്ല തന്നെ. കൃത്യമായ രാഷ്ട്രീയ അജണ്ടയാണ് ഇതിലൂടെ സൂചിതമാകുന്നത്. ഭാഷയുടെയും ഭൂപ്രകൃതിയുടെയും വിശാലമായ സൂചനകൾ ഉൾക്കൊള്ളുന്ന ഒരു സാർവത്രിക നാമമുള്ള മാതൃസർവകലാശാലയെ രാജഭരണത്തിന്റെ മുദ്രകൾ പതിഞ്ഞ തിരുവിതാംകൂർ എന്ന പേരിലേക്ക് മാറ്റാനുള്ള നിർദ്ദേശവും ആഗ്രഹവും അത്യന്തം അപലപനീയമാണ്. ഐക്യകേരളത്തെ ഓർമ്മിപ്പിക്കുന്ന കേരള പ്പിറവി ദിനം വരാനിരിക്കെയാണ് ഫ്യൂഡൽ ഭരണവ്യവസ്ഥയെ പിന്താങ്ങുന്ന, വിജ്ഞാനസമൂഹത്തെ പരിഹസിക്കുന്ന ഇരുണ്ട ഭൂതകാലത്തെ പ്രത്യാനയിക്കുന്ന ഒരു നാമനിർദ്ദേശം വരുന്നത്. ജനാധിപത്യ വിരുദ്ധമായ രാഷ്ട്രസങ്കല്പങ്ങളും ഭരണഘടനാ മൂല്യങ്ങളുടെ നിരാസവുമാണ്ഇതിലൂടെ വിനിമയം ചെയ്യപ്പെടുന്നത്.

റഫറൻസ്:

1. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, 1985, പി ഭാസ്കരനുണ്ണി, കേരള സാഹിത്യ അക്കാദമി

2. തിരുവിതാംകൂറിന്റെ രാജ്യചരിത്രം, 1860 കെ.പി. പത്മനാഭ മേനോൻ

3. A History of medieval Kerala, MGS Narayanan

3. Travancore State Manual, 1906, V. Nagam Aiya

**ബാബുരാജൻ നല്ലൂരങ്ങാടി**
മലയാള സർവ്വകലാശാല, തിരൂർ

# നമ്മുടെ സഖാവ്

സ്ഥൈര്യത്തിനർത്ഥം
ഉറച്ച കാൽവെപ്പുകൾ
പതറാത്ത ചങ്ക്
എന്നുമെവിടെയും
നയിക്കാൻ മുന്നിൽ
സ്നേഹമൊളിപ്പിച്ച
ആജ്ഞകളൊച്ചകൾ
കൊടിയ നിരാശയില്ല -
മാത്മവിശ്വാസത്തിൻ
ചെങ്കതിരുകൾ
ഗൗരവ്വത്തിനുള്ളിലും
നർമ്മങ്ങൾ കുസൃതികൾ
തലകുനിക്കാത്ത നിലപാടുകൾ
സ്നേഹത്തുവലിനാർദ്രത
അസമത്വങ്ങളിലനീതികളിൽ
ചിന്താവിഷ്ടനസംതൃപ്തൻ
മാറ്റങ്ങൾ വരുമെന്ന്
മാറ്റമില്ലാതെ കരുതും
ധീരസഖാവിന്നോർമ്മ -
യ്ക്കഭിവാദ്യങ്ങൾ

*(എകെപിസിടിഎ നേതാക്കളായിരുന്ന മമ്മദ് മാഷിന്റെയും ശശിധരൻ മാഷിന്റെയും ഓർമ്മയ്ക്ക് മുൻപിൽ പ്രണാമം അർപ്പിച്ചുകൊണ്ട്)*

# അടിമുടി

സൗമ്യശീലനുദാര
സ്നേഹമയൻ
പൂപ്പുഞ്ചിരി വിടരും
സൗഹൃദത്തിലെപ്പോഴും
കരം പിടിച്ച് കുശലാന്വേഷണത്തിൽ
വ്യഗ്രതകാട്ടുമടിമുടി
ഇടതുപക്ഷം മനുഷ്യപക്ഷ-
മെന്നും കാക്കും പുരോഗമനക്കാഴ്ച -
പ്പാടേന്തി വിപ്ലവവീര്യക്കാര-
നൊട്ടും ധൃതിയില്ലമാന്തമി - ല്ലൊന്നിലുമെന്നാൽ
ബദ്ധശ്രദ്ധൻ ഉശിരൻ
മുദ്രാവാക്യം മുഴക്കാൻ
മുമ്പൻ നയിക്കാനും
സമരവീഥികളിൽ
നെഞ്ചുയർത്തിയനീതിയെ
എതിർക്കുമീ ധീരനില്ലാ
വിട്ടുവീഴ്ചകൾ പ്രവർത്തനപഥങ്ങളിൽ
കർമ്മനിരതൻ സദാ
ചലിക്കുമുയർന്ന
സംഘടനാബോധം
നിരാശാനിഘണ്ടു
പൂട്ടി നടന്നോരുജ്ജ്വല
സഖാവ് ശശിമാഷ്
വിടവാങ്ങുന്നിങ്ങു-
യർത്തിയ മുദ്രാവാക്യങ്ങൾ
ആശയാഗ്നി ജ്വാലകൾ
ലാൽസലാം സഖാവേ

**ആർ.ഹരിലാൽ രാജൻ**
സംസ്ഥാന കമ്മിറ്റി ഓഫീസ് സെക്രട്ടറി എ കെ പി സി ടി എ

# പുഞ്ചിരി

പെട്ടെന്നുള്ള ഉയർത്തലിൽ ഒന്നും പിടികിട്ടിയില്ല. എന്നാൽ നഖം വളരെ ആഴത്തിൽ പതിഞ്ഞപ്പോൾ മനസ്സിലായി എനിക്ക് പിടിവീണെന്ന്.

അവന്റെ ക്യാമറയ്ക്ക് മുന്നിൽ കൂടുതൽ ശരീരപ്രദർശനം നടത്തിയപ്പോഴേ അപകടം മനസ്സിലാക്കണമായിരുന്നു. എന്നാൽ അവന്റെ പുഞ്ചിരിയും പതുക്കെ പതുക്കെയുള്ള വരവും കണ്ടപ്പോഴാണ് ഞാൻ തെറ്റിദ്ധരിച്ചത്. ഒരാക്രമണം ഉണ്ടാകില്ലെന്ന് മനസ്സിലായപ്പോൾ എന്റെ ഭംഗിയും കഴിവുകളും എത്രത്തോളം വേണമോ അത്രത്തോളം തന്നെ അവന് പകർത്താൻ പാകത്തിന് പ്രദർശിപ്പിച്ചു.

അത് വെറുമൊരു ശരീര പ്രദർശനം മാത്രമല്ല, മുകളിലേക്ക് പൊങ്ങി ചാടാനും, താഴേക്ക് കൈയ്യ് കുത്താനും, ഓടി മറയാനും അങ്ങനെ അവന്റെ മുഖത്ത് മാറി, മാറി വരുന്ന അത്ഭുതഭാവങ്ങൾക്കനുസരിച്ച് പ്രദർശനം നടന്നു, അവന്റെ അത്ഭുതവും ആദരവും കലർന്ന നോട്ടം എനിക്കുള്ള പൊൻതൂവലായി കണ്ട് എന്നെത്തന്നെ മറന്ന പ്രകടനം.

മുകളിലേക്കും, പിന്നെയും ഉയരെ അവിടന്നു കൂടുതൽ ഉയരെ ചാടി നേരെ അടിത്തട്ടിലേക്ക് അങ്ങനെ ഒരു പാച്ചിലായിരുന്നു.

ഇടയ്ക്ക് തീറ്റകിട്ടിയപ്പോൾ എന്റെ പ്രകടനത്തിന്റെ ശക്തിയും കൂടിവന്നു. ഞാൻ ചുറ്റിലുള്ളവരെ മറന്നു. എന്നെ തന്നെ മറന്നു.

സൂര്യപ്രകാശം, ഇരകൾ, വേരുകൾ, മണൽപരപ്പ്, വൻകുഴികൾ, പാറക്കൂട്ടങ്ങൾ, മരങ്ങൾ, തെങ്ങിൻ തലപ്പ് അങ്ങനെ മറ്റുള്ളവരെ എല്ലാം ഞാൻ മറന്നു. ആ വലിയ ജലാശയം മുഴുവൻ എന്റേതാണെന്നും, ഞാൻ മാത്രമാണെന്നും തോന്നിപ്പോയി.

കൂട്ടത്തിലുള്ളവരുടെ മുന്നറിയിപ്പ് അവഗണിച്ചു, എന്നിട്ടും മുന്നറിയിപ്പ് നൽകാൻ വന്നവരുടെ എണ്ണം വർദ്ധിച്ചുവന്നു. പാത്തും പതുങ്ങിയും നിൽക്കുന്ന അവരുടെ കണ്ണിലെ ഭീതി എന്റെ പ്രകടനത്തിലെ ആശ്ചര്യമായും, ഇതൊന്നും അവർക്ക് ചെയ്യാൻ സാധിക്കാത്തത് അവരുടെ കഴിവുകേടായും ഞാൻ കണ്ടു.

എന്റെ പ്രകടനത്തോടുള്ള അസൂയ കാരണമാണവർ എന്നെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതെന്നു ഞാൻ വിചാരിച്ചു. അവനെടുക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നു.

ചുറ്റും കൂടിനിന്ന് രസിക്കുന്നവരിൽ ഒരാളായി മാത്രമാണ് ആ കൂർത്ത ചുണ്ടുള്ളവനെ ഞാൻ കണ്ടത്. അവന്റെ കൂർത്ത നഖങ്ങളെ ഞാൻ ശ്രദ്ധിച്ചില്ല. മുമ്പൊക്കെ അവന്റെ നോട്ടം പതിയുന്നു എന്നു കാണുമ്പോൾ തന്നെ ഞങ്ങൾ ഓടിഒളിക്കുമായിരുന്നു. എന്നിട്ട് മറ്റുള്ളവർക്ക് മുന്നറിയിപ്പ് നൽകി അവരെയും രക്ഷിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കാഴ്ചക്കാരിലെ നോട്ടത്തിൽ ഞാൻ മതിമറന്നു.

ഒന്നുതിരിഞ്ഞു വാലാട്ടി വെള്ളത്തിലൂടെ കറങ്ങി വരുന്നതും പെട്ടെന്നായിരുന്നു ആദ്യത്തെ ഉയർത്തൽ. പെട്ടെന്നുള്ള ഉയർത്തൽ രസകരമായിരുന്നെങ്കിലും, കൂട്ടത്തിലുള്ളവരുടെ നിലവിളിയിൽ എനിക്ക് ഇനി രക്ഷപ്പെടാൻ കഴിയില്ല എന്നു മനസ്സിലായി. പിടിക്കപ്പെട്ടു.

ആഴത്തിൽ താഴ്ന്ന നഖം ശരീരത്തിൽ നൽകുന്ന വേദന ഒരു പുതിയ അനുഭവത്തിന്റെ തലത്തി



ലേക്കുള്ള മാറ്റം ആയിരുന്നു.

ജലാശയത്തിലും മീതെ ഉയർന്ന പ്പോളാണ് മനസ്സിലായത് യാത്ര അത് പതുക്കെയല്ലെന്ന്. കാഴ്ചക്ക് ഒരു മങ്ങൽ പിന്നെ എല്ലാം വ്യക്ത മാകാൻ തുടങ്ങി. വായുവിലൂടെയാ ണ് സഞ്ചാരം ഇത്രനാളും ഉണ്ടാ യിരുന്നപോലെയല്ല. ശരീരത്തിന് ഭാരമില്ലാത്ത അവസ്ഥ. ഇനി ശരീരം കൂടെയുണ്ടോ എന്നപോലും തോന്നി. ശരീരത്തിൽനിന്ന് തണു പ്പിക്കുന്ന തണുപ്പല്ല. തെന്നി നീങ്ങു ന്ന തണുപ്പാണ്. മുതുകും തലയും പിളയുന്ന വേദനയുണ്ട്. എന്നാൽ പുതിയ കാഴ്ചകൾ വ്യത്യസ്തമാണ്. അത് തൊട്ടനുഭവിക്കാൻ കഴിയുന്നി ല്ല, പറക്കുകയാണ്.

ഞാൻ കിടന്ന ജലാശയം കണ്ടു, കൂടെയുള്ളവരുടെ പരക്കംപാച്ചിലും കണ്ടു. മുകളിൽനിന്നും നോക്കുമ്പോ ഴാണ് വെള്ളത്തിന്റെ പുതിയ നിറം കണ്ടത്. ശരീരത്തിലേക്ക് വളരെ യധികം തണുപ്പ് ഇരച്ചുകയറുന്നു. അപ്പോഴേക്കും ആദ്യത്തെ കൊ ത്തിനുവേണ്ടി അവന്റെ കൂർത്ത ചുണ്ടുകൾ പാഞ്ഞുവന്നു. അതിൽനി ന്നും രക്ഷപെടാൻ തലവെട്ടിച്ചു.

ഇപ്പോഴും അവനും ക്യാമറയും എന്നെ പകർത്തുന്ന തിരക്കിലാ ണ്. ഞാൻ ശരീരം തകർന്നു നില വിളിക്കാൻ കഴിയാതെ, ശ്വാസം കിട്ടാതെ, മാംസം പറിയുന്ന വേദനയോടെ അവനെ നോക്കി. പരുന്തിന്റെ കാലിലെ നഖത്തിൽ കുരുങ്ങിക്കിടക്കുന്ന ഞാൻ അവന് എത്ര മനോഹരമായ കാഴ്ചയാണ്. അവന്റെ പുഞ്ചിരി കൂടിക്കൂടി വന്നു. സന്തോഷം വല്ലാതെ അവനിൽനി ന്നും പുറത്തേക്കൊഴുകി.

അവന്റെ പുഞ്ചിരിയും, കാഴ്ചകളും എന്റെ ശരീരത്തിൽ നിന്നും പുറ ത്തേക്ക് തെറിച്ചുപോയി. ഇപ്പോൾ അവനെ, ആ ചിരിക്കുന്നവനെ അടുത്തു കാണാം. ആദ്യം എന്റെ യടുത്തുവന്നന് വെള്ളത്തിലേക്ക് നോക്കിയപ്പോൾ ഉണ്ടായിരുന്ന ചി രിക്ക് ഇപ്പോൾ അൽപം തിളക്കം കൂടിയെന്നു മാത്രം.

പക്ഷെ എനിക്കും എന്റെ ചുറ്റുമുള്ള തിനും തിളക്കം നശിച്ചു. ഇപ്പോൾ ഇരുട്ട് മാത്രം.

**കെ പി ജയകുമാർ**
എൻഎസ്എസ് കോളജ് ചേർത്തല

# ജൂലെ: ഒരു ദേശത്തിന്റെ ആത്മകഥ

ചരിത്രത്തിന്റെ ഖനിയാഴങ്ങളിലേയ്ക്ക് മനുഷ്യർ നടത്തുന്നന്ന നിതാന്തമായ ഖനനമാണ് സഞ്ചാരം. വിമോചനവും ആനന്ദവും അന്വേഷണവും ആകാംഷയും ദാഹവും കാമനയും യാത്രകളെ ചൂഴുന്നുണ്ടാവാം. എന്നാൽ ആത്യന്തികമായി മനുഷ്യത്വത്തിനേറ്റ മുറിവുകളുടെ വടുക്കളിൽ ചുംബിച്ച് മടങ്ങുന്ന അസാധാരണമായ കാരുണ്യത്തിന്റെയും മനുഷ്യപ്പറ്റിന്റെയും രേഖപ്പെടലായത് മാറും. സജിൻ പി ജെയുടെ സുദീർഘമായ യാത്രയുടെ ഓർമ്മകൾ ചരിത്രാതീതത്തിൽ നിന്ന് വർത്തമാനകാലത്തേയ്ക്ക് വലിച്ചുകെട്ടിയ സ്ലിംഗാണ്. അതിൽ മനുഷ്യഗാഥയുടെ നേർത്ത കമ്പനമുണ്ട്. ഹിമാലയൻ പർവതശിഖരങ്ങളിലൂടെ മഞ്ഞും മഴയും താണ്ടിയുള്ള യാത്രയിൽ ഏതുനേരവും ഇടിഞ്ഞ് അഗാധതിയിലേയ്ക്ക് ഒലിച്ചുപോയേക്കാവുന്ന നിരത്തുകളിലൂടെ പ്രാണനും മുറുകെപ്പിടിച്ച് യാത്രപോകുന്നവരുടെ മനസ്സിൽ സാഹസികതയുടെ ഉപ്പുണ്ടാകാം. അതിലുമേറെ നിരന്തരം മുറിഞ്ഞും ചേർന്നും മാറ്റിവരഞ്ഞും അനിശ്ചിതമാകുന്ന അതിർത്തികളിൽ, ഇനിയും മടങ്ങിവരാത്ത ഉറ്റവർക്കായി കാത്തിരിക്കുന്ന പ്രതീക്ഷയുടെ അനവധി കൺതടങ്ങളിലേയ്ക്ക് ചെന്നെത്തുന്ന സാഹോദര്യത്തിന്റെ നോട്ടമാണത്. പ്രതീക്ഷയുടെയും സാഹോദര്യത്തിന്റെയും ആ ഉദാരതയിലാണ് സജിൻ പി ജെയുടെ 'ജൂലെ' വായനയെ സ്പർശിക്കുന്നത്.

യാത്രകഴിഞ്ഞ് മടങ്ങിയെത്തി മൂന്നു മാസം പിന്നിട്ടുംമുമ്പ് കശ്മീർ എന്ന ഭൂഖണ്ഡം കശ്മീരെന്നും ലഡാക്കെന്നും രണ്ടായി വിഭജിക്കപ്പെടുകയും ദേശീയസ്വാതന്ത്ര്യം ആ ജനതയ്ക്ക് ഉറപ്പു നൽകിയ പദവികൾ റദ്ദ്ചെയ്യുകയും




ചെയ്തുവെന്ന ആമുഖത്തോടെയാണ് സജിന്റെ യാത്രാവിവരണം ആരംഭിക്കുന്നത്. കശ്മീരിന്റെ ചരിത്രത്തിലൂടെയും വർത്തമാനത്തിലൂടെയും യാത്രചെയ്യുന്ന സജിൻ ശിഥിലമായ ഒരു ജനപഥത്തിന്റെ അടരുകൾ കണ്ടെത്തുകയാണ്. എത്രയെത്ര രാജവംശങ്ങൾ, യുദ്ധങ്ങൾ, പോർനിലങ്ങൾ. ശിഥില സംസ്കൃതിയുടെ തുണ്ടുകൾ. ജൈനമാർഗങ്ങൾ, ബുദ്ധമാർഗങ്ങൾ, മതങ്ങൾ, ഇന്നും തീരാത്ത മതപ്പാടുകൾ. 'പുറത്തെ കടിച്ചുകീറുന്ന തണുപ്പിൽ, റോഡ് ഞെട്ടിത്തരിച്ചുപോലെ ഒരു പാലത്തിന് മുകളിൽ അവസാനിക്കുന്ന' അനിശ്ചിതത്വങ്ങളിൽ ഉദ്വേഗഭരിതമായി കോർത്തെടുത്തതാണ് ഈ യാത്ര.

മഞ്ഞുമൂടിയ ഗിരിസ്യംഗങ്ങളിലേയ്ക്ക് മഹാസമാധികളുടെയും ആത്മീയാനുഭൂതികളുടെയും രഹസ്യം തേടിപ്പോയവരുടെ വഴികളിലൂടെയല്ല 'ജൂലെ' സഞ്ചരിക്കുന്നത്. "ഞങ്ങൾ കണ്ട എല്ലാ കശ്മീരികളും താവളങ്ങൾ നഷ്ടപ്പെട്ട് ഒറ്റയ്ക്ക് പറക്കുന്ന പക്ഷികൾ പോലെയായിരുന്നു. അവരുടെ എല്ലാ പെരുമാറ്റത്തിലും ഭീതി നിഴലിട്ടിരുന്നു." എന്നെഴുതുന്നിടത്ത് ആത്മീയ യാത്രകളുടെ അനുഭൂതി മാഹാത്മ്യങ്ങൾ ഉടഞ്ഞുപോകുന്നു.

എന്തിനാണ് എല്ലാവരും ഹിമാലയത്തിലേയ്ക്ക് പോകുന്നത്? ഉപഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പിൽനിന്നും പോയവരെല്ലാം ഹിമാലയത്തെക്കുറിച്ച് എഴുതുന്നു. മലയാള സഞ്ചാരസാഹിത്യ ചരിത്രത്തിലെ ഒരു പ്രത്യേക വിഭാഗമാണ് ഇന്ന് 'ഹിമാലയൻ യാത്ര'. സാഹസികതയുടെ അനുഭൂതി തേടിപ്പോയവരുണ്ടായിരുന്നു. മനുഷ്യരെ തേടിപ്പോയ നിസ്വസഞ്ചാരികളുമുണ്ടായിരുന്നു. ചരിത്രവും സംസ്കാരവും സാഹിത്യവും ദാർശനികതയും തൊട്ടറിഞ്ഞവരുണ്ടായിരുന്നു. എന്നാൽ പിൽക്കാല ഹിമാലയൻ യാത്രകൾ ഇന്ത്യൻ ദേശീയതയുടെ വംശ ഗരിമയിലേയ്ക്കുള്ള മലയാളി വരേണ്യതയുടെ താദാത്മ്യങ്ങളായി മാറി. ഇന്ത്യൻ സാംസ്കാരിക ബഹുസ്വരതയെ ശങ്കരമാർഗത്തിലൂടെ ഏകശിലാത്മക ആത്മീയ പീഠത്തിൽ പ്രതിഷ്ഠിക്കുന്നതിനുള്ള ആവർത്തിച്ചുള്ള എഴുത്തുകളായി ഹിമാലയൻ യാത്രാവിവരണങ്ങൾ മാറുന്നു. ഇന്ത്യൻ ബ്രാഹ്മണ്യത്തിന്റെ പുതുരൂപമായ തീവ്രദേശീയതയുടെ ഭാഗമായി മലയാളിയെ സ്ഥാപിക്കുന്നതിനുള്ള സത്സംഗങ്ങളായി ഹിമാലയിൻ യാത്രകളും യാത്രാവിവരണങ്ങളും ജനപ്രിയമായി.

ജൂലെ, ഇതിന് വിപരീത ദിശയിലാണ് യാത്ര ചെയ്യുന്നകത്. മനുഷ്യരെ തൊട്ടുപോവുക മാത്രമല്ല, ഹിമാലയൻ പർവത ഭൂമിയുടെ ചരിത്രത്തിലൂടെ, അതിന്റെ വിസ്തൃതവും വിസ്മയാവഹവുമായ സാംസ്കാരിക ബഹുസ്വരതകളെ അടയാളപ്പെടുത്തുകയാണത്. വരേണ്യതയുടെ പട്ടുപാതകളെ മനുഷ്യരുടെ കാലടികൾ പതിഞ്ഞുമാഞ്ഞ അടിനിലങ്ങളുടെ അനുഭവങ്ങൾ കൊണ്ട് തിരുത്തുകയാണ് സജിൻ. "അയാളുടെ ചുളിവുവീണ കൈകളിൽ മുഖം താഴ്ത്തി ഞാനൊരു മുത്തം കൊടുത്തു. എന്റെ കയ്യിൽ അതേയുണ്ടായിരുന്നുള്ളൂ. മലനിരകളേ കാണുക! ഇതാ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ ചുംബിക്കുന്നു! ഇത്രത്തോളം വലുതല്ല നിങ്ങൾപോലും!" മലമുകളിലേയ്ക്ക് എളുപ്പവഴി കാണിച്ചുകൊടുത്ത സോനം മാംഗ്യാൽ എന്ന മനുഷ്യനെയോർത്ത് വർഷങ്ങൾക്കിപ്പുറം എഴുത്തുകാരന്റെ കണ്ണുകൾ നിറയു




**ജൂലെ (യാത്ര)**
**സജിൻ പി ജെ**
**പേജ്: 180 വില: 270 രൂപ**
**ലോഗോസ് പട്ടാമ്പി**

ന്നു. ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിലെ രണ്ടറ്റങ്ങൾ തമ്മിൽ ചുംബിക്കുമ്പോൾ ദേശ-രാഷ്ട്രത്തിന്റെ വരേണ്യയുക്തിയ്ക്ക് അത് മനസ്സിലാക്കാനാവില്ല. സമത്വം, സാഹോദര്യം എന്നീ പദാവലികൾ ഉയിരിലും ഉടലിലും പേറുന്നവർക്ക് മാത്രം ചെന്നുപറ്റാൻ കഴിയുന്ന അനുഭൂതിയുടെ ഇടങ്ങളിലാണ് ജൂലെ ചെന്നെത്തുന്നത്.

കശ്മീരിന്റെ ഭൂഭാഗഭംഗികളിലൂടെയാണ് ജൂലെ സഞ്ചരിക്കുന്നത്. ഗ്രാമങ്ങളും നദികളും ബുദ്ധവിഹാരങ്ങളും കോട്ടകളും കൊട്ടാരങ്ങളും കുടിലുകളും നിസ്വരായ മനുഷ്യാലയങ്ങളും ചെമ്മരിയാട്ടിൻപറ്റങ്ങളും പക്ഷികളും പറവകളും പൂക്കളും മേഘപാളികളും ശീതംഉന്നിയ കാറ്റും ഉഷ്ണജലവാഹിനിയും വെയിലിന്റെ ഇളംതോരണങ്ങൾ ഞാത്തിയ ചെറുപകലുകളും അപ്രതീക്ഷിത മഴയിൽ ചിന്നിപ്പോകുന്ന മഞ്ഞുസ്ഫടികങ്ങളും യാത്രകളെ ഉത്സാഹഭരിതമാക്കുന്നു. മറുവശത്ത്, അനിശ്ചിതത്വങ്ങളുടെ കനം ചിലപ്പോൾ താങ്ങാനാവാതെ വരുന്നു. ഭീതിപുതച്ച രാത്രികളിലൂടെ, മുറിവേറ്റ ഗ്രാമങ്ങളിലൂടെ, ഒറ്റ രാത്രികൊണ്ട് മാറ്റിവരഞ്ഞ ഭൂരേഖയാൽ അന്യരായിപ്പോയ രക്തബന്ധങ്ങളുടെ ടാക്ഷിയിലൂടെ, ബാൾട്ടിസ്ഥാനിലൂടെ, ഒറ്റരാത്രികൊണ്ട് ഒറ്റയായിപ്പോയ മനുഷ്യരിലൂടെ, കോരിച്ചൊരിയുന്ന പേമാരിയിലൂടെ, ഘോരമായ മഞ്ഞുപാളികളുടെ ഓരങ്ങളിലൂടെ ചുരം കയറിയും ഇറങ്ങിയും തുടരുന്ന സഞ്ചാരങ്ങളുടെ സാഹസികത. ജൂലെ പല അടരുകളുള്ള യാത്രകളുടെ പുസ്തകമാണ്.

ചരിത്രത്തിനും വർത്തമാനത്തിനുമിടയിൽ ആന്ദോളനം ചെയ്യുന്ന എഴുത്തുരീതിയിലൂടെ സംസ്കാരങ്ങളുടെ വിസ്തൃതിയെ നെയ്തെടുക്കുന്നതാണ് സജിന്റെ കലാവിദ്യ. അതിൽ മനുഷ്യരും അവരുടെ നഷ്ടകാലങ്ങളും പ്രതീക്ഷകളും തുന്നിച്ചേർത്തിരിക്കുന്നു. "ഞങ്ങൾ ഈ കൊടുമുടകൾക്കിടയിൽ കുടുങ്ങിപ്പോയവരാണ്" എന്ന ലൈലയുടെ മൊഴിയിൽ ഒരു ഭൂമിശാസ്ത്രമല്ല, അവരിൽ അപരജീവിതം അടിച്ചേൽപ്പിച്ച രാഷ്ട്രഭാവനയാണ് പ്രതിയാകുന്നതെന്ന സൂക്ഷ്മബോധ്യങ്ങളിലാണ് ഈ കൃതിയുടെ രാഷ്ട്രീയ ഭാവന നിലകൊള്ളുന്നത്. കൊടുംശൈത്യത്തിൽ ആടുകളും യാക്കുകളും കൂട്ടത്തോടെ ചത്തുവീഴുന്ന സൊ മോരിരി പീഠഭൂമിയിലൂടെ വിശന്നുവലഞ്ഞ് യാത്ര ചെയ്യുമ്പോൾ വിശപ്പ് ഉടലാകെ പടരുന്നുണ്ട്. തുർതുർക്കിൽ നിന്ന് പോരുമ്പോൾ അലി കൊടുത്തയച്ച ആപ്രിക്കോട്ടും വാൽനട്ടും പൊട്ടിച്ചു അവരൊന്നിച്ച് തിന്നുമ്പോൾ വിശപ്പ് ഒരു ദാർശനിക-രാഷ്ട്രീയാനുഭവമാകുന്നുണ്ട്. വിൻസെന്റ് വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സിനെ ഓർമ്മിപ്പിക്കുന്ന സന്ദർഭം. അരണ്ട വെളിച്ചത്തിൽ ഉരുളക്കിഴങ്ങ് തിന്നുന്ന ആ കുടുംബനിമിഷം പ്രാശിപ്പിക്കുന്നത് വിശപ്പ് എന്ന വികാരം മാത്രമായിരുന്നില്ലല്ലോ. യുദ്ധവും വംശീയതയും വർണ്ണവെറിയും അധികാരവും കുത്തിമറിച്ച മനുഷ്യരുടെ പാടശേഖരങ്ങളെക്കുറിച്ചുള്ള പാഠമായിരുന്നു. വർണ്ണവെറിയുടെയും തീവ്രദേശീയതയുടെയും മറ്റൊരു കാലത്ത്, മറ്റൊരു ദേശത്ത് അലിയുടെ കരുതലും അനുകമ്പയും പകരുന്ന മനുഷ്യപ്പറ്റിന്റെ ചെറുചിത്രങ്ങളാണ് ഈ യാത്രയെഴുത്തിലെ അനുഭൂതിയുടെ ആത്മരഹസ്യം.

**സോഷ്യൽ വെൽഫെയർ &
ഡിഫറന്റ് ലി ഏബിൾഡ് കമ്മിറ്റി**

# ഉന്നത വിദ്യാഭ്യാസരംഗത്തെ ഭിന്നശേഷി പ്രതിനിധാനം: പുനർനിർവചിക്കപ്പെടേണ്ട നയങ്ങളും സമീപനങ്ങളും

ഭിന്നശേഷി അധ്യാപകവിദ്യാർത്ഥി സമൂഹം സ്ഥാപനങ്ങളിൽ പലപ്പോഴും അന്യവത്കരിക്കപ്പെടുന്ന സാഹചര്യങ്ങളുണ്ട്. ഇത്തരത്തിൽ ഒരു അന്യവത്കരണം എന്തുകൊണ്ടാണ് ബൗദ്ധികമായും സാമൂഹ്യമായും ഉയർന്ന നിൽക്കുന്നവർ എന്ന് കരുതപ്പെടുന്ന ഉന്നത വിദ്യാഭ്യാസരംഗത്തുള്ളവരിൽ നിന്ന് പോലും ഭിന്നശേഷി സമൂഹം നേരിടേണ്ടി വരുന്നത്? ഈ ഒരു പശ്ചാത്തലത്തിൽ മനുഷ്യശരീര വൈവിധ്യങ്ങളോടുള്ള പൊതുബോധസമീപനം പൂർണ/ഭിന്ന ശരീരം എന്ന സാമൂഹ്യ സൃഷ്ടിക്കു കാരണമായത് എന്ന് കൂടി നോക്കികാണുന്നത് ഭിന്നശേഷി എന്ന അവസ്ഥയെ കൂടുതൽ ആഴത്തിൽ മനസിലാക്കാനും ഉത്തരവാദിത്തത്തോടു കൂടി ഇക്കാര്യത്തിൽ സാമൂഹ്യ ഇടപെടലുകൾ നടത്താനും നമ്മെ കൂടുതൽ പ്രാപ്തരാക്കും.

പുതിയകാലത്തെ ശരീരപഠനങ്ങൾ പറയുന്നത് ശരീരത്തെ കുറിച്ചുള്ള സങ്കല്പങ്ങൾ ഓരോ കാലത്തെയും സാമൂഹ്യ അധികാര സമ്പ്രദായങ്ങൾ  അനുസരിച്ച് രൂപപ്പെടുന്ന എന്നുള്ളതാണ്. അത്തരം പൂർണ ആദർശസങ്കല്പങ്ങളിൽ കുറവ് വരുമ്പോൾ ആണ് വ്യക്തി ഡിസേബിൾഡ്  ആണെന്ന് സമൂഹം പ്രസ്താവിക്കുന്നത്.അതായത് ഭിന്നശേഷി എന്നതും പൂർണശരീരം എന്നതും സാമൂഹ്യസങ്കൽപനത്തിന്റെ ഭാഗമായി ഇവിടെ നിലനിൽക്കുന്ന വ്യത്യസ്തഅവസ്ഥകൾ മാത്രമാണെന്നും പൂരണം/അപൂർണം എന്ന ദ്വന്ദത്തിനപ്പുറത്തേക്കു നമ്മുടെ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്തു ഇടപെടുന്നവരുടെ ചിന്താധാരകൾ ഉയരുന്ന വരേണ്ടതാണെന്നുമുള്ള തിരിച്ചറിവില്ലായ്മ മൂലമാണ്  ഈ രംഗത്ത് പോലും  ഭിന്നശേഷി വ്യക്തികൾ നിരന്തരമായ വേർതിരിവുകളും അസമത്വങ്ങളും അനുഭവിക്കേണ്ടി വരുന്നത്.

ജനനം കൊണ്ടോ ആരോഗ്യപരമോ മറ്റേതെങ്കിലും തരത്തിലുള്ള അപകടങ്ങൾ മൂലമോ സംഭവിക്കുന്ന ശാരീരികമോ ബുദ്ധിപരമോ മാനസികമോ ആയ വൈവിധ്യങ്ങൾ ഉള്ള വിദ്യാർഥികളും അധ്യാപകരും ഇന്ന് എല്ലാ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഭാഗമാണ്.  എല്ലാ ജനവിഭാഗങ്ങൾക്കും തുല്യതയും പ്രാപ്യതയും ഉറപ്പ് കൊടുക്കപ്പെടുന്ന ഈ ജനാധിപത്യസമൂഹത്തിൽ അതുകൊണ്ടുതന്നെ സാമൂഹ്യ നിർമിതിയുടെ ഭാഗമായ ഡിസബിലിറ്റി സമൂഹത്തിനു മുഖ്യധാരാ സമൂഹത്തിനു പ്രാപ്യമായ എല്ലാ സൗകര്യങ്ങളും അനുഭവിക്കാനുള്ള അവകാശം ഉണ്ട്. അതിനാൽ തന്നെ നിരവധി കാലത്തെ ഭിന്നശേഷി സമൂഹത്തിന്റെ നിയമ പോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്ത ഈ അവകാശങ്ങൾ സമൂഹത്തിന്റ കാരുണ്യമോ സഹതാപമോ മൂലം ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ അല്ല എന്ന് പൊതു സമൂഹത്തിനു ബോധ്യപ്പെടേണ്ടതുണ്ട്.

അങ്ങനെ അവകാശങ്ങളുടെ സംരക്ഷണവും ഭൗതികവും അക്കാദമികവുമായ  സൗകര്യങ്ങളുടെ തുല്യതയും പ്രാപ്യതയും ഉറപ്പാക്കുമ്പോഴും

വൈവിധ്യങ്ങളുടെ വേർതിരിവില്ലാതെ അനുയോജ്യമായ രീതിയിൽ ഭിന്നശേഷി സമൂഹത്തെ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മാത്രമാണ് സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദപരമായ ഇടങ്ങളായി പരിവർത്തനപ്പെടുന്നത്

### ഭിന്നശേഷിയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ

ഭിന്നശേഷിയെക്കുറിച്ച് രണ്ടു തരത്തിലുള്ള വീക്ഷണങ്ങളാണ് ഉള്ളത്. ഒന്ന് വൈദ്യശാസ്ത്രപരമായവീക്ഷണകോണിൽക്കൂടി ഈ അവസ്ഥയെ സമീപിക്കുമ്പോൾ മറ്റേത് സാമൂഹികഉത്തരവാദിത്തമായി ഭിന്നശേഷിയെ നോക്കിക്കാണുന്നു. വൈദ്യശാസ്ത്രസമീപനത്തിൽ ഭിന്നശേഷി ഒരു ആരോഗ്യപ്രശ്നമാണെന്നും അതിനാൽ തന്നെ മേന്മയേറിയ ചികിത്സ ഉറപ്പാക്കുന്നതിലൂടെ നമ്മുടെ ഉത്തരവാദിത്തം അവസാനിച്ചു എന്നും കരുതുന്നു. എന്നാൽ ഈ ന്യൂനത വ്യക്തികേന്ദ്രീകൃതമല്ലെന്നും ഭിന്നശേഷിക്കാരുടെ സമഗ്ര വികസനം എന്നത് ഒരു സാമൂഹിക ഉത്തരവാദിത്തമാണെന്നുമുള്ള തിരിച്ചറിവ് എല്ലാ മനുഷ്യരിലും ഒന്നുപോലെ ഉണ്ടാകേണ്ട ഒന്നാണ്. ഭിന്നശേഷി എന്നത് അനേകം ജൈവിക വൈവിധ്യങ്ങളിൽ ഒന്ന് മാത്രമാണെന്ന വസ്തുത പൊതുസമൂഹത്തെ മനസിലാക്കികൊടുത്തുകൊണ്ട് നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ പുനർനിർവചിക്കുമ്പോൾ മാത്രമാണ് ഭിന്നശേഷി കൂട്ടായ്മയിൽ പെട്ടവർ മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാകൂ എന്നത് ആദ്യമേ മനസിലാക്കേണ്ടതും അതിനു വേണ്ടിയുള്ള ഇടപെടലുകൾ തുടങ്ങി വയ്ക്കേണ്ടതും ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള നമ്മൾ തന്നെയാണ്.

### ഭിന്നശേഷി സമൂഹത്തിന്റെ അവകാശ സംരക്ഷണത്തിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക സമിതി രൂപീകരിക്കപ്പെടേണ്ടതിന്റെ പ്രസക്തി

ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്റെ പശ്ചാത്തലത്തിൽ മുഖ്യധാരാ സാമൂഹ്യപരിസരങ്ങളിൽ നിന്ന് പല സാഹചര്യങ്ങളിലും ഒഴിവാക്കപ്പെട്ടുപോയ വിവിധ ജനവിഭാഗങ്ങളെ ഉൾച്ചേർത്തു കൊണ്ട് പുതിയ നയങ്ങൾ രൂപീകരിക്കപ്പെടുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ഇടമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ പൊളിച്ചെഴുതാനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. ഈ ശ്രമങ്ങളുടെ തുടർച്ചയായിട്ടാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് disabled അധ്യാപക വിദ്യാർത്ഥി പ്രാതിനിധ്യം ഭാഗികമായെങ്കിലും ഉറപ്പാക്കിക്കൊണ്ട് ചില മാറ്റങ്ങൾ ഉണ്ടായതും disabled സമൂഹം മുഖ്യധാരാ അക്കാദമിക് പരിസരങ്ങളിലേക്ക് കടന്നു വന്നതും. ഇപ്രകാരം പുതുക്കപ്പെട്ട സാമൂഹ്യസംവിധാനങ്ങളുടെ ഭാഗമായി മുഖ്യധാരാ സമൂഹത്തോട് കണ്ണിചേർക്കപ്പെടുമ്പോഴും ഉന്നത വിദ്യാഭ്യാസ രംഗം disabled സൗഹൃദമാണ് എന്നൊന്നും അവകാശപ്പെടാൻ സാധ്യമല്ലെന്നു മാത്രമല്ല പലപ്പോഴും പല തരത്തിലുള്ള ഒഴിവാക്കപ്പെടലുകളും വിവേചനങ്ങളും തരം താഴ്ത്തലുകളും ഡിസബിൾഡ് അധ്യാപകരും വിദ്യാർത്ഥികളും അനുഭവിക്കേണ്ടി വരികയും ചെയ്യുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് disability യെ കുറിച്ചുള്ള അവബോധമില്ലായ്മ മൂലമാണ് disabled സമൂഹം ഇപ്രകാരമുള്ള അന്യവത്കരണത്തിനു വിധേയമാകേണ്ടി വരുന്നത്. പൊതുസമൂഹത്തിൻറെ അവബോധസൃഷ്ടിയിൽ ഉണ്ടാകുന്ന ഈ ന്യൂനത കൊണ്ട് ശാരീരിക / മാനസിക/ബൗദ്ധിക വൈവിധ്യത്തെ പരിമിതികളായി മാത്രം കണക്കാക്കുകയും അധികസാധ്യതകൾക്കുള്ള ഇടങ്ങൾ പലപ്പോഴും disabled വ്യക്തികൾക്ക് നിഷേധിക്കപ്പെടുകയും ചെയ്യുന്നു.disabled വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ ഇന്നുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും, എന്തിന് ഉന്നത വിദ്യഭ്യാസ മേഖലയിൽ നടപ്പിലായ നാല് ശതമാനം സംവരണം ഉൾപ്പെടെ ഭിന്നശേഷി സമൂഹം നിരവധി അവകാശപോരാട്ടങ്ങളിലൂടി നേടിയെടുത്തതാണ്. എന്നാൽ ഈ അവകാശങ്ങളും ആനുകൂല്യങ്ങളും മാത്രം കൊണ്ട് എല്ലാ മേഖലകളിലുമുള്ള തുല്യതയും പ്രാപ്യതയും കൈവരിക്കാൻ ഭിന്നശേഷി സമൂഹത്തിനു സാധിച്ചിട്ടില്ല. അതിനാൽത്തന്നെ ഭിന്നശേഷി സമൂഹത്തെ മുഖ്യധാരാ സമൂഹസങ്കൽപനത്തിൽ ഉൾച്ചേർത്തു ഒരു നവസമൂഹസൃഷ്ടി എന്ന ലക്ഷ്യപ്രാപ്തിക്കായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രത്യേക സമിതി രൂപീകൃതമാകേണ്ടതുണ്ട്, അതായത് സ്ഥാപനങ്ങളിൽ





ഭിന്നശേഷി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളും വെല്ലുവിളികളും ഏറ്റെടുത്തു പ്രവർത്തിക്കാൻ പ്രത്യേക സമിതികൾ ഉണ്ടായിരിക്കണം. മാത്രമല്ല അത്തരം സമിതികളുടെ മേൽനോട്ടത്തിലും ഉത്തരവാദിത്തത്തിലുമാണ് സ്ഥാപനങ്ങളിൽ ഭിന്നശേഷി സമൂഹത്തിനു വേണ്ടിയുള്ള നയരൂപീകരണവും പ്രവർത്തനങ്ങളും നടക്കേണ്ടത്. ആ സമിതികളിൽ ഭിന്നശേഷി അധ്യാപക വിദ്യാർത്ഥി പ്രാതിനിധ്യവും ഉറപ്പാക്കിയിരിക്കണം.

## സമിതിയുടെ പ്രവർത്തന സമീപനങ്ങൾ-ഘടന

ഭിന്നശേഷി എന്ന അവസ്ഥയെ സാമാന്യവത്ക്കരിച്ചു കൊണ്ട് ആ അവസ്ഥ സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടാൻ ഒരു പൊതുപരിഹാര നിർദേശം മുന്നോട്ടു വയ്ക്കുക എന്നത് നീതിയുക്തമല്ല. 2016 ലെ ഭിന്നശേഷി ആക്ട് പ്രകാരം ഏതാണ്ട് 21 തരം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന മനുഷ്യർ നമ്മുടെ ഇടയിലുണ്ട്. ഇത് ഒരു അന്തിമ കണക്കല്ല, മറിച്ച് കാലാനുസൃതമായി വികസിക്കാവുന്നതും ചലനാത്മകവുമായ ഒരു കണക്കെടുപ്പ് മാത്രമാണ്.

ഇത്രയധികം വൈവിധ്യങ്ങളെ ഒരു പൊതുസ്വഭാവത്തോടെ പരിഗണിക്കുന്നത് ശരിയല്ലാത്തതുകൊണ്ടു തന്നെ ഓരോ വൈവിധ്യവും മുന്നോട്ടു വയ്ക്കുന്ന വെല്ലുവിളികളെ പ്രത്യേകമായിത്തന്നെ പരിഗണിക്കണമെന്ന സമീപനമായിരിക്കണം ആദ്യമേ തന്നെ ഈ സമിതിക്ക് ഉണ്ടാകേണ്ടത്. സർവകലാശാലകളുടെ മാർഗ്ഗനിർദേശാനുസരണം ഈ സമിതികൾ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രൂപീകരിക്കേണ്ടതും സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്നു സർവകലാശാല ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.ഓരോ വർഷാവസാനവും ഈ സമിതിയുടെ പ്രവർത്തന റിപ്പോർട്ട് സർവ്വകലാശാലകൾ പരിശോധിച്ചുകൊണ്ടും വിലയിരുത്തികൊണ്ടുമാണ് ഇത് ചെയ്യേണ്ടത്. ക്യാമ്പസുകളിൽ പ്രവർത്തിക്കുന്ന ഈ സമിതിക്ക് മാർഗനിർദേശം നൽകുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തലുകൾക്കും disabilty studies മായി ബന്ധപ്പെട്ട് സർവകലാശാലകളിൽ പ്രവർത്തിക്കുന്ന സെന്ററുകളുടെ ഡയറക്ടർ അധ്യക്ഷനായികൊണ്ടുള്ള ഒരു സർവകലാശാല സമിതിയുടെയും രൂപീകരണം അഭികാമ്യമായിരിക്കും. സർവകലാശാലകളുടെ നിർദേശാനുസരണം കോളേജുകളിൽ പ്രവർത്തിക്കേണ്ട സമിതിയുടെ പ്രവർത്തന രേഖയെക്കുറിച്ചുള്ള ചില നിർദേശങ്ങൾ ഇവിടെ കൊടുക്കുന്നു.പ്രസ്തുത സമിതി രൂപീകരിക്കുമ്പോൾ സ്വീകരിക്കേണ്ട ഘടനയെക്കുറിച്ചുള്ള ചില നിർദേശങ്ങളാണ് ആദ്യമേ മുന്നോട്ട് വയ്ക്കാനായുള്ളത്

1.സ്ഥാപനമേധാവി -കൺവീനർ

2.Disabled പ്രതിനിധിയായ അധ്യാപകൻ/അദ്ധ്യാപിക -കോർഡിനേറ്റർ

3.സ്റ്റാഫ് കൗൺസിൽ നാമനിർദേശം ചെയ്യുന്ന അധ്യാപകൻ/അദ്ധ്യാപിക-മെമ്പർ

4. ഭിന്നശേഷി പ്രതിനിധിയായ വിദ്യാർത്ഥി - സ്റ്റുഡൻറ് മെമ്പർ

5.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - ഓഫീസ് പ്രതിനിധി

## നിർദ്ദേശങ്ങൾ

- ഭിന്നശേഷി സൗഹൃദമായ കലാലയസൃഷ്ടിക്കായി ബോധവത്കരണ പ്രവർത്തനങ്ങൾ
- പരമ്പരാഗത മൂല്യ സങ്കല്പങ്ങൾ അടിച്ചേൽപ്പിച്ച ഉച്ചനീചത്വ ഭാഷ പ്രയോഗങ്ങൾ ഒഴിവാക്കുക
- കലാലയങ്ങളിലെ ഭൗതിക അക്കാദമിക സാഹചര്യങ്ങൾ ഭിന്നശേഷീസൗഹൃദമാക്കി പു

നഃസൃഷ്ടിക്കുക

- ഔദ്യോഗിക വിവരങ്ങൾ യഥാസമയം,കൃത്യതയോടെ വിനിമയം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കുക
- അധ്യാപകരുടെ സർവീസ് വിഷയങ്ങളിലും,വിദ്യാർഥികളുടെ അക്കാദമികേതരവിഷയങ്ങളിലും മുൻഗണനാക്രമത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള നടപടികൾ സ്വീകരിക്കുക
- സ്റ്റാറ്റിയൂട്ടറി സ്വഭാവമുള്ളതും മറ്റു പ്രധാനപ്പെട്ട പദവികളിലും ഭിന്നശേഷി അധ്യാപക വിദ്യാർത്ഥി പ്രാതിനിധ്യം ഉറപ്പു വരുത്തുക
- ഭിന്നശേഷിക്കാരായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെഡിക്കൽ ആവശ്യങ്ങൾക്ക് പ്രത്യേക അവധി ആനുകൂല്യങ്ങൾ അനുവദിക്കുക
- ഭിന്നശേഷീ സൗഹൃദപരമായ കരിക്കുലം കലാലയങ്ങളിൽ നടപ്പിലാക്കുക
- ഭിന്നശേഷീ അധ്യാപകരെയും വിദ്യാർഥികളേയും അനുയോജ്യമായ രീതിയിൽ ഉൾക്കൊള്ളുന്ന വിധം ജോലി ഭാരത്തിൽ/പഠനഭാരത്തിൽഇളവുകൾ അനുവദിക്കുക
- ഭിന്നശേഷിക്കാർക്ക് സാങ്കേതികവിദ്യയുടെ തുല്യതയും പ്രാപ്യതയും ഉറപ്പുവരുത്തുക
- പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭിന്നശേഷി അധ്യാപകർക്കും വിദ്യാർഥികൾക്കും ലഭിക്കേണ്ട പ്രത്യേക അവകാശങ്ങൾ/ ഇളവുകൾ അനുവദിക്കുക
- അഡ്മിഷൻ പ്രക്രിയകൾ ഭിന്നശേഷീ സൗഹൃദമാക്കാനുള്ള നടപടികൾ കൈക്കൊള്ളുക
- തൊഴിൽപരമായ ഉയർച്ച വേണ്ടിയുള്ള നിബന്ധനകളെ അനുഭാവപൂർവം പരിഗണിച്ചു പ്രത്യേക ഇളവുകൾ അനുവദിക്കുക
- ഭിന്നശേഷീ സൗഹൃദനയങ്ങളിൽ സ്ത്രീപക്ഷനിലപാടുകൾ ഉറപ്പു വരുത്തുക
- ഭിന്നശേഷീ സൗഹൃദപരമായ വിശ്രമസ്ഥലങ്ങൾ,വിനോദോപാധികൾ മറ്റു ഭൗതിക സാഹചര്യങ്ങൾ എന്നിവ ക്യാമ്പസുകളിൽ ഉറപ്പു വരുത്തുക

**അനുബന്ധം:**

ബൗദ്ധികവും മാനസികവുമായ പരിമിതികൾ നേരിടുന്ന സമൂഹം ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉൾച്ചേരുമ്പോൾ..

നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്-2005 അനുസരിച്ചു ഉന്നത വിദ്യാഭ്യാസ രംഗത് അനവധി കോഴ്സുകൾ വിദ്യാർഥിയുടെ അഭിരുചിക്കും താല്പര്യത്തിനും അനുസൃതമായി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പോളിസി വിഭാവനം ചെയ്യുന്നു. ഇതനുസരിച്ചു മാനസിക/ബൗദ്ധിക വെല്ലുവിളികൾ മൂലം പഠന പരിമിതികൽ നേരിടുന്ന വിദ്യാർഥികളെ കൂടി അക്കാഡമിക് സമൂഹത്തിന്റെ ഭാഗമാക്കാനും അവരെ സ്വയം പര്യാപ്തരാക്കി മുഖ്യധാരാ സമൂഹത്തിനു ലഭിക്കുന്ന സാമൂഹിക പരിഗണക്ക് ഇവരെയും പ്രാപ്തരാക്കാനും ആവശ്യമായ ശ്രമങ്ങൾ തുടങ്ങി വയ്ക്കാൻ യുജിസി ആഹ്വാനം ചെയ്യുന്നുണ്ട്.

2006 ൽ നിലവിൽ വന്ന ഡിസബിൾഡ് സമൂഹത്തിനു വേണ്ടിയുള്ള നാഷണൽ പോളിസിയുടെയും 2016 ൽ നിലവിൽ വന്ന ഡിസബിലിറ്റി ആക്റ്റിന്റെയും പ്രവർത്തന മാനദണ്ഡങ്ങൾ അനുസരിച്ചു ഡിസബിൾഡ് വിദ്യാർഥികളും മുഖ്യധാരാ വിദ്യാർഥികളോടൊപ്പം ചേർന്ന് ഒരേ സ്ഥാപന സാഹചര്യങ്ങളിൽ വിദ്യാഭ്യാസം നേടേണ്ടവരാണെന്നു പറഞ്ഞു വയ്ക്കുന്നുണ്ട്.

മാനസികവും ബുദ്ധിപരവുമായ വൈവിധ്യങ്ങൾ അനുഭവിക്കുന്നവർ കടന്നു പോകുന്ന സാഹചര്യങ്ങളെ പലപ്പോഴും നോർമലൈസ് ചെയ്തു സംസാരിക്കുന്നതും കൈകാര്യം ചെയ്യുന്നതും ശ്രദ്ധിക്കാൻ സാധിക്കും,.

അവരുടെ ജീവിത സാഹചര്യങ്ങളെ, മാനസിക അവസ്ഥയെ എല്ലാ പ്രിവിലേജുകളോടും കൂടി ജീവിക്കുന്ന മുഖ്യധാരാ സമൂഹത്തിന്റെ കണ്ണടയിൽ കൂടിയല്ല നോക്കികാണേണ്ടത് എന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. ഈ വിഭാഗം മനുഷ്യർ അർഹിക്കുന്നതും ആഗ്രഹിക്കുന്നതും സമൂഹത്തിന്റെ സഹതാപമല്ല മറിച്ച് അനുതാപപൂർവമായ ഇടപെടലുകളാണ്.

**ഈ സാഹചര്യങ്ങളിൽ ചില ചോദ്യങ്ങൾ വളരെ പ്രസക്തമാണ്**

- എങ്ങനെയാണ് അക്കാഡമിക് രംഗം ബൗദ്ധിക പരിമിതികൾ നേരിടുന്ന മനുഷ്യർക്കായി പാകപ്പെടേണ്ടത്? അവരോടു അനുതാപപൂർവം ഇടപെടേണ്ടത്?
- അവരുടെ പ്രത്യേക ആവശ്യങ്ങൾ എന്തൊക്കെയാണ്?
- മുഖ്യധാരാ സമൂഹത്തിൽ പരിമിതികളെ മറികടക്കാൻ എങ്ങനെയാണ് അവരെ സഹായിക്കേണ്ടത്?
- സാമ്പത്തികസ്വയം പര്യാപ്തതയിലേക്ക് അവരെ എങ്ങനെ കൈപിടിച്ചുയർത്താം?
- അവർ കടന്നു പോകുന്ന ദുർഘടമായ മാനസിക വ്യാപാരങ്ങളെ സമചിത്തതയോടെ എങ്ങനെ കൈകാര്യം ചെയ്യാം?

ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടുമ്പോൾ മാത്രമാണ് നമുക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏതു രീതിയിൽ ആണ് മാനസിക/ബൗദ്ധിക പരിമിതികൾ ഉള്ള സമൂഹത്തെ കൂടി ഉൾകൊള്ളുന്ന ഒരു തുറസ്സിലേക്ക് പരിവർത്തനപ്പെടുത്താൻ കഴിയുന്നത്.

അനുയോജ്യമായ കോഴ്സുകൾ രൂപപ്പെടുത്തുക, അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം ഉണ്ടാവുക.

പഠന ബോധന പ്രക്രിയകളുടെ വാർപ്പുമാതൃകകൾ പൊളിച്ചെഴുതുക.

അധികാരപ്രയോഗങ്ങൾക്കപ്പുറത്തേക്ക് തുറന്നിട്ട ക്ലാസ്സുമുറികൾ.

സാമ്പ്രദായിക പരീക്ഷ രീതികൾ പുനർനിർവചിക്കപ്പെടുക.

## സംഘടനാ വാർത്തകൾ




യു ജി സി യുടെയും വിവിധ വിദ്യാഭ്യാസ ഏജൻസികളുടെയും അക്കാദമിക് വിരുദ്ധ നിലപാടുകൾ തിരുത്തണമെന്നും, അധ്യാപകരുടെ സേവന വേതന വിഷയങ്ങളിൽ പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് ദേശവ്യാപകമായി ഐഫക്ടോയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സമരപരിപാടികളുടെ മൂന്നാം ഘട്ടമായ പ്രതിഷേധ കൂട്ടായ്മ എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ വിവിധ കോളജുകളിൽ നടത്തി. തിരുവനന്തപുരത്ത് ചെമ്പഴന്തി എസ് എൻ കോളജിൽ എ കെ പി സി ടി എ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സോജു എസ്, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ സുമേഷ് ജി എസ് തുടങ്ങിയ നേതാക്കൾ സംബന്ധിച്ചു.



# വയനാട് ദുരന്തബാധിതർക്ക് 10 ലക്ഷം രൂപയുടെ ഗൃഹോപകരണങ്ങൾ കൈമാറി

വയനാട് ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ട് ക്യാമ്പുകളിലേക്ക് മാറ്റപ്പെടുകയും, പിന്നീട് കേരള സർക്കാർ ഏർപ്പെടുത്തിയ താൽക്കാലിക വീടുകളിലേക്ക് താമസം മാറുകയും ചെയ്ത ദുരിതബാധിതരെ സഹായിക്കാൻ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി 10 ലക്ഷം രൂപയുടെ ഗൃഹോപകരണങ്ങൾ നൽകി. കൽപ്പറ്റയിൽ നടന്ന പരിപാടി സി പി ഐ എം വയനാട് ജില്ലാ സെക്രട്ടറി പി ഗഗാറിൻ ഉദ്ഘാടനം ചെയ്തു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് വൈസ് ചെയർമാനും മുൻ എം എൽ എ യുമായ സി കെ ശശീന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. ഗോപാലകൃഷ്ണൻ എം ബി ദുരിതത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനമർപ്പിച്ച് സംസാരിച്ചു. ഡി വൈ എഫ് ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ റഫീഖ്, വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ്, സി പി ഐ എം കൽപ്പറ്റ ഏരിയ സെക്രട്ടറി വി ഹാരിസ്, ജില്ലാ കമ്മിറ്റി അംഗം കെ സുഗതൻ, കൽപ്പറ്റ ഏരിയാ കമ്മിറ്റി അംഗം അബ്ദുൾ റഹ്മാൻ, മേപ്പാടി ഗ്രാമപഞ്ചായത്ത് അംഗം ഡോ എം എം ജിതിൻ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ, ട്രഷറർ ഡോ പ്രദീപ്കുമാർ കെ, വൈസ് പ്രസിഡന്റുമാർ ഡോ ഷാജിത എസ്, ഡോ മനോജ് ടി ആർ, സംസ്ഥാന സെക്രട്ടറിമാർ ഡോ സോജു എസ്, ഡോ തോമസ് മോണോത്ത്, സംസ്ഥാന വനിതാ കൺവീനർ ആഷ പ്രഭാകരൻ, കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം പ്രമോദ് വെള്ളച്ചാൽ, കണ്ണൂർ-കാസർഗോഡ് ജില്ലാ സെക്രട്ടറി ഡോ ഷനോജ് എം പി, വയനാട് ജില്ലാ പ്രസിഡന്റ് ഡോ നോബർട്ട് തോമസ്, സംസ്ഥാന കമ്മിറ്റി അംഗം സന്തൂപ്കുമാർ പി വി, മുൻ ജില്ലാ സെക്രട്ടറി ശ്രീജിത്ത് സി എസ് , കോഴിക്കോട് ജില്ലാ പ്രസിഡന്റ് ജിതേഷ് സി പി എന്നിവർ ദുരിതബാധിതരായ 250 കുടുംബങ്ങൾക്കുള്ള ഇലക്ട്രിക്കൽ ഗൃഹോപകരണങ്ങൾ കൈമാറി. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സ്വാഗതവും വയനാട് ജില്ലാ സെക്രട്ടറി ഡോ ജോബി എൻ ജി നന്ദിയും പറഞ്ഞു.

## സംഘടനാ വാർത്തകൾ



# എൻജിനീയറിങ് മേഖലയിലെ വിവിധ സേവന-വേതന വിഷയങ്ങൾ; എ കെ പി സി ടി എ നിവേദനം നൽകി

എൻജിനീയറിങ് കോളജുകളിലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം, ഫ്ലെക്സിബിൾ കേഡർ പ്രൊമോഷൻ, ശമ്പള കുടിശ്ശിക തുടങ്ങിയ വിഷയങ്ങളിൽ അടിയന്തിരമായി സർക്കാർ പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദുവിന് നിവേദനം നൽകി.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ, സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങളും ആയ സഞ്ജീവ് ജി, ഡോ വിനോദ് കുമാർ ജേക്കബ്ബ് എന്നിവർ തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിലെത്തിയാണ് സംഘടനയുടെ നിവേദനം നൽകിയത്. വിഷയങ്ങൾ പരിശോധിച്ച് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി.

# ചാൻസലർ കോടതിവിധി മാനിക്കണം : എ കെ പി സി ടി എ

എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശലയുടെ വൈസ് ചാൻസലർ നിയമനത്തിൽ സർക്കാരുമായി കൂടിയാലോചിച്ച് മാത്രമേ നിയമനം നടത്താവൂ എന്ന കോടതി നിർദേശം പാലിക്കുവാൻ ചാൻസലർ തയ്യാറാകണമെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

താൽകാലിക വി സി യായി സർക്കാർ നിർദ്ദേശം മറികടന്നു നിയമനം നടത്തിയതിനെതിരെ സർക്കാരും അധ്യാപക സംഘടനകളും നടത്തിയ നിയമ പോരാട്ടത്തിന്റെ വിജയമായിരുന്നു ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള ഈ കോടതി വിധി. എന്നാൽ അതിനെ ഉപജാപക സംഘങ്ങൾക്ക് വഴങ്ങി മറികടക്കാനുള്ള നീക്കം അപലപനീയമാണ്.

ഭരണഘടനയും സർവകലാശാലാ നിയമങ്ങളും കോടതി വിധികളും മാനിക്കുവാൻ ചാൻസലർ തയ്യാറാകാതെ വരുന്നത് വീണ്ടും ഉന്നത വിദ്യാഭ്യാസ മേഖലയെ സംഘർഷത്തിലേക്കും കോടതി വ്യവഹാരങ്ങളിലേക്കും നയിക്കും.കേരളത്തിലെ സർവകലാശാലകളെ ദേശീയ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി നൂതന പരിപാടികളുമായി സർക്കാർ മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുവാൻ ചാൻസലർ തയ്യാറായേ മതിയാകൂ എന്ന് എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## സംഘടനാ വാർത്തകൾ

# പ്രിൻസിപ്പൽമാരുടെ ഡ്രോയിങ് & ഡിസ്ബേഴ്സിങ് പദവി എടുത്ത് കളഞ്ഞ ഉത്തരവ് പിൻവലിക്കുക

പ്രിൻസിപ്പൽമാരുടെ സെൽഫ് ഡ്രോയിങ് പദവി എടുത്ത് കളഞ്ഞ് ധനകാര്യ വകുപ്പ് പുതുതായി ഇറക്കിയ 30.9.2024 തീയ്യതിയിലെ ജി ഒ (പി) 85/2024 ഉത്തരവ് അടിയന്തിരമായി പിൻവലിക്കണമെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

ദീർഘകാലമായി ഉന്നയിച്ച് അഞ്ച് വർഷം മുമ്പ് സർക്കാർ അനുവദിച്ച അവകാശത്തിലൂടെ എയ്ഡഡ് കോളജ് പ്രിൻസിപ്പൽമാർക്ക് ശമ്പള ബിൽ നേരിട്ട് ട്രഷറിയിൽ സമർപ്പിക്കാനും മാസത്തിലെ ആദ്യ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കകം ബിൽ പാസാക്കിയെടുക്കാനും സാധിച്ചിരുന്നു. സ്ഥിരം പ്രിൻസിപ്പൽമാർ ഇല്ലാത്ത സ്ഥാപനങ്ങളിൽ 21 മാസം വരെ ലോവർ അക്കൗണ്ട് ടെസ്റ്റ് പാസാകുന്നതിൽ നിന്ന് ഇളവും നൽകിയിരുന്നു.

ഈ മേഖലയിലെ സംഘടനകളുമായി യാതൊരു കൂടിയാലോചനയും ഇല്ലാതെ ഇപ്പോൾ ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവ് പ്രകാരം, സ്ഥിരം പ്രിൻസിപ്പൽമാർ ഉള്ളിടത്തും ഇല്ലാത്തിടത്തും ഓൺലൈൻ ആയി ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓൺലൈൻ സിഗ്നേച്ചറോട് കൂടിയുള്ള അംഗീകാരം വാങ്ങിയ ശേഷമേ ബിൽ ട്രഷറിയിൽ സമർപ്പിക്കാനാവൂ.
എല്ലാ മേഖലകളിലും കാര്യക്ഷമവും വേഗതയിൽ ഉള്ളതും ആയ 'ഈസ് ഓഫ് ഡൂയിങ് ' നയം നടപ്പിലാക്കാൻ കേരള സർക്കാർ ശ്രമിക്കുമ്പോൾ കടക വിരുദ്ധമായ കാര്യമാണ് ഇവിടെ ഇപ്പോൾ നടപ്പാക്കുന്നത്. ഇത് അംഗീകരിക്കാൻ ആകില്ല.

ഈ വിഷയത്തിൽ ശാശ്വത പരിഹാരത്തിനായി സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് പകരം താൽക്കാലിക ചുമതല നൽകി പ്രിൻസിപ്പൽ ഇൻ ചാർജ് നിയമനം ഏറെ നാളുകളായി പല മാനേജ്മെന്റുകളും തുടരുന്നതാണ് ഇതിലെ അടിസ്ഥാന പ്രശ്നം. സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കണമെന്ന കർശനമായ നിർദ്ദേശം സർക്കാർ മാനേജ്മെന്റുകൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് എ കെ പി സി ടി എ നിവേദനം നൽകിയിരുന്നു. എന്നാൽ അത്തരം നിർദ്ദേശങ്ങൾ നൽകി വിഷയത്തിൽ ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് പകരം സ്ഥിരം പ്രിൻസിപ്പൽമാരുടേത് ഉൾപ്പെടെ എല്ലാ എയ്ഡഡ് കോളജുകളും സ്കൂളുകളും ഒക്ടോബർ മാസം മുതൽ അപ്രൂവിങ് അതോറിറ്റിയുടെ കൗണ്ടർ സിഗ്നേച്ചർ അംഗീകാരം ഓൺലൈൻ ആയി വാങ്ങിക്കണമെന്ന നിർദ്ദേശം പഴയ കാലത്തെ ബിൽ പാസാക്കുന്ന കഠിനമായ രീതികളിലേക്കുള്ള തിരിച്ചു യാത്ര ആണെന്നും, ഇടതുപക്ഷ സർക്കാരിന്റെ ഉത്തമമായ താൽപര്യങ്ങൾക്കെതിരായ ഈ ഉത്തരവ് പിൻവലിക്കണമെന്നും, ശാശ്വത പരിഹാരത്തിനായി ഈ മേഖലയിലെ സംഘടനകളുമായി സർക്കാർ കൂടിയാലോചന നടത്തണമെന്നും എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്തും ജനറൽ സെക്രട്ടറി ഡോ കെ ബിജുകുമാറും സർക്കാരിനോട് ആവശ്യപ്പെട്ടു.

## മികച്ച എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാരും യൂണിറ്റുകളും

നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞങ്ങാട്, കാസർഗോഡ്

പ്രോഗ്രാം ഓഫീസർ – ശ്രീ.വിജയകുമാർ വി

എം.ഇ.എസ് കോളേജ് ഓഫ് എൻജിനീയറിംഗ്, കുറ്റിപ്പുറം, മലപ്പുറം

പ്രോഗ്രാം ഓഫീസർ – ഡോ.സുനീഷ് പി യു

സി.എം.എസ് കോളേജ്, കോട്ടയം

പ്രോഗ്രാം ഓഫീസർ – ഡോ.അജീഷ് കെ ആർ

ടി.കെ മാധവ മെമ്മോറിയൽ കോളേജ്, നങ്ങ്യാർകുളങ്ങര

പ്രോഗ്രാം ഓഫീസർ – ഡോ. പ്രീത എം വി

സേക്രഡ് ഹാർട്ട് കോളേജ്, തേവര, എറണാകുളം

പ്രോഗ്രാം ഓഫീസർ – ഡോ.ജോസഫ് വർഗ്ഗീസ്

ഫാറൂഖ് കോളേജ് (ഓട്ടോണോമസ്), കോഴിക്കോട്

പ്രോഗ്രാം ഓഫീസർ – ഡോ. റഫീക്ക് പി

ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

പ്രോഗ്രാം ഓഫീസർ – ശ്രീ. മിഥുൻ കെ എസ്

## സംഘടനാ വാർത്തകൾ



# എസ് ഡി ഒ പദവി പുനഃസ്ഥാപിക്കും: ധനകാര്യ വകുപ്പ് മന്ത്രി

എയ്ഡഡ് മേഖലയിലെ സ്ഥാപന മേധാവികളുടെ സെൽഫ് ഡ്രോയിംഗ് ഓഫീസർ പദവി എടുത്തു കളഞ്ഞ ധനകാര്യ വകുപ്പ് ഉത്തരവ് പുനഃപരിശോധിക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി സംഘടനാനേതാക്കൾക്ക് ഉറപ്പ് നൽകി.

കെ എസ് ടി എ, എ കെ പി സി ടി എ, കെ എൻ ടി ഇ ഒ നേതാക്കൾ ഇന്ന് നിയമസഭാമന്ദിരത്തിലെത്തി മന്ത്രിയുമായി സംയുക്തമായി ചർച്ച നടത്തി.

കെ എസ് ടി എ സംസ്ഥാന പ്രസിഡന്റ് ഡി സുധീഷ്, ജനറൽ സെക്രട്ടറി കെ ബദറുന്നിസ , എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ മനോജ് ടി ആർ, സംസ്ഥാന സെക്രട്ടറി ഡോ സോജു എസ്, കൊല്ലം ജില്ലാ സെക്രട്ടറി ഡോ പ്രമോദ് എൻ, കെ എൻ ടി ഇ ഒ സംസ്ഥാന പ്രസിഡന്റ് കെ ഗിരിധരൻ, സംസ്ഥാന സെക്രട്ടറി ഓസ്ബോൺ വൈ, കെ എൻ ടി ഇ ഒ ജില്ലാ സെക്രട്ടറി ആകാശ് കുമാർ എസ് എന്നിവർ ചേർന്നാണ് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലിനെ കണ്ടത്.

എയ്ഡഡ് മേഖലയിലെ സ്ഥാപന മേധാവികളുടെ സെൽഫ് ഡ്രോയിങ് പദവി പിൻവലിച്ച സർക്കാർ ഉത്തരവ് മരവിപ്പിക്കാൻ ധനകാര്യ മന്ത്രിയുടെ നിർദ്ദേശം.

എയ്ഡഡ് മേഖലയിലെ സ്ഥാപന മേധാവികളുടെ സെൽഫ് ഡ്രോയിങ് ഓഫീസർ പദവി പിൻവലിച്ച ധനകാര്യ വകുപ്പ് ഉത്തരവ് മരവിപ്പിക്കാൻ ധനകാര്യ മന്ത്രി നിർദ്ദേശം നൽകി. ഉത്തരവ് ഉടൻ ഇറങ്ങും. എ കെ പി സി ടി എ, കെ എസ് ടി എ, കെ എൻ ടി ഇ ഒ സംഘടനകൾ സംയുക്തമായി എഫ് എസ് ഇ ടി ഒ - യുടെ നേതൃത്വത്തിൽ ഒക്ടോബർ 5 ന് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിനെയും, തുടർന്ന് സംഘടനാനേതാക്കൾ ധനകാര്യ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയെയും തുടർന്നാണ് അവകാശ സംരക്ഷണത്തിനു വേണ്ടി കൈക്കൊണ്ട സ്വാഗതാർഹമായ ഈ തീരുമാനം.

30.9.2024 തീയ്യതിയിലെ GO (P) 85/2024 ഉത്തരവ് റദ്ദ് ചെയ്യാൻ നിർദ്ദേശം നൽകിയ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാലിനെയും കേരള സർക്കാരിനെയും എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്യുന്നു.

## സ്മരണാഞ്ജലി



കോട്ടക്കൽ VPSV ആയുർവേദ കോളജ് പ്രിൻസിപ്പലും എകെപിസിടിഎ പ്രവർത്തകനുമായിരുന്ന ഡോ. സി.വി. ജയദേവൻ

## സംഘടനാ വാർത്തകൾ

# മേഖലാതല പ്രതിഷേധ ധർണ്ണ- എറണാകുളം



കേന്ദ്രസർക്കാരിന്റെയും യുജിസി യുടേയും എഐസിടിഇയുടേയും എൻസിറ്റി ഇയുടെയും മറ്റ് കേന്ദ്ര വിദ്യാഭ്യാസ ഏജൻസികളുടെയും തെറ്റായ വിദ്യാഭ്യാസനയങ്ങൾ ക്കെതിരെ ഐഫക്ടോയുടെ നേതൃത്വത്തിൽ ആലുവ ഹെഡ് പോസ്റ്റ് ഓഫീസിനുമുന്നിൽ മേഖലാതല പ്രതിഷേധ ധർണ്ണ നടത്തി. സി.പി ഐ.എം.എറണാകുളം ജില്ലാ സെക്രട്ടറി സി.എൻ മോഹനൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. ജനവിരുദ്ധമായ പുത്തൻ സാമ്പത്തിക നയങ്ങൾ തന്നെയാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെയും ആധാരം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭരണഘടന മുന്നോട്ടു വയ്ക്കുന്ന ഫെഡറൽ തത്വങ്ങളെയും ബഹുസ്വരതയേയും പൂർണ്ണമായും നിരാകരിച്ചുകൊണ്ട് സ്വകാര്യവത്കരണത്തേയും വർഗീയതയേയും വളർത്തിയെടുക്കുന്ന രീതിയിൽ ,വർത്തമാനകാല ഇന്ത്യൻസമൂഹത്തെ നൂറ്റാണ്ടുകൾ പിന്നോട്ടു നടത്തുന്ന രീതിയിൽ 2020 ൽ നടപ്പാക്കപ്പെട്ട ദേശീയ വിദ്യാഭ്യാസനയം റദ്ദാക്കുക, അധ്യാപകവിരുദ്ധ നടപടികൾ പിൻവലിക്കുക, വിദ്യാഭ്യാസ മേഖലയ്ക്കുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി ആവശ്യങ്ങളാണ് ധർണ്ണയുടെ ഭാഗമായി കേന്ദ്ര സർക്കാറിനോട് ഉന്നയിച്ചിട്ടുള്ളത്.

എ കെ ജി സി ടി., എ കെ പി സി ടി എ., എഫ്.യു.ടി.എ, എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിലാണ് ധർണ്ണ സംഘടിപ്പിച്ചത്.

എഫ്.യു.ടി.എ സംസ്ഥാന പ്രസിഡണ്ട് ഡോ. ബേബി ചക്രപാണി അധ്യക്ഷത വഹിച്ചു. എ.കെ പി.സി ടി.എ സംസ്ഥാന സെക്രട്ടറി ഡോ. എ.എസ് സുമേഷ്, എ കെ ജി സി ടി സംസ്ഥാന വൈസ് പ്രസിഡണ്ട് സന്തോഷ് ടി വർഗ്ഗീസ്,എ കെ ജി സി ടി സംസ്ഥാന പ്രസിഡണ്ട് ഡോ. എം.എസ് മുരളി, ഐഫക്ടോ സോണൽ സെക്രട്ടറി ഡോ ജോജി അലക്സ്, സാമ്പത്തിക സെക്രട്ടറി ഡോ. തോമസ് മാത്യു, എഫ് എസ് ഇ ടി ഒ ജില്ലാ സെക്രട്ടറി ഡിപിൻ,എ.കെ.പി. സി. ടി.എ എറണാകുളം ജില്ലാ സെക്രട്ടറി പ്രൊഫ ജേക്കബ് എബ്രഹാം തുടങ്ങിയവർ ധർണ്ണയിൽ പങ്കെടുത്ത് സംസാരിച്ചു.

## FYUGP പരീക്ഷയും മൂല്യനിർണയവും

ആലപ്പുഴ ജില്ലാ അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ FYUGP പരീക്ഷയും മൂല്യനിർണയവും എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 19 രാത്രി 7.30 മണിക്ക് ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു.ഡോ.സോജു എസ് (ജോയിന്റ് കോഓർഡിനേറ്റർ FYUGP ഇൻപ്ലിമെന്റേഷൻ കമ്മിറ്റി, കേരള യൂണിവേഴ്സിറ്റി )വിഷയാവതരണം നടത്തി.ഡോ.ടി. ആർ.മനോജ്(സിൻഡിക്കേറ്റ് അംഗം, കേരള സർവകലാശാല),ഡോ.സുമേഷ് എ.എസ്(സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ, എകെപിസിടിഎ), ഡോ. ഏയ്ഞ്ചലോ മാത്യു(കേരള മേഖല അക്കാദമിക് കൺവീനർ, എകെപിസിടിഎ) എന്നിവർ സെമിനാറിൽ പങ്കെടുത്തു.

# സംഘടനാ വാർത്തകൾ

## മേഖലാതല പ്രതിഷേധ ധർണ്ണ- കണ്ണൂർ



കേന്ദ്ര സർക്കാരിന്റെയും, യു ജി സി യുടെയും, എ ഐ സി ടി ഇ യുടെയും, എൻ സി ടി ഇ യുടെയും, മറ്റ് വിദ്യാഭ്യാസ ഏജൻസികളുടെയും തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ അഖിലേന്ത്യാ സംഘടന ഐഫക്ടോ യുടെ നേതൃത്വത്തിൽ എ കെ പി സി ടി എ, എ കെ ജി സി ടി , എഫ് യു ടി എ സംഘടനകൾ കണ്ണൂർ ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. സംസ്ഥാനത്ത് 3 മേഖലകളിൽ ആയാണ് ധർണ നടന്നത്. എം വിജിൻ എം എൽ എ ഉദ്ഘാടനം ചെയ്തു. ഐഫക്ടോ മുൻ ദേശീയ സെക്രട്ടറി ഡോ സി പത്മനാഭൻ മുഖ്യ പ്രഭാഷണം നടത്തി. എ കെ ജി സി ടി സംസ്ഥാന സെക്രട്ടറി സി ടി ശശി അധ്യക്ഷത വഹിച്ചു.

എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, എഫ് എസ് ഇ ടി ഒ ജില്ലാ ട്രഷറർ കെ ഷാജി, യൂനിവേഴ്സിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ സംസ്ഥാന വനിതാ കൺവീനർ ഡോ പ്രിയ ടി കെ, എഫ് യു ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഡോ സി പ്രമോദ്, കെ എൻ ടി ഇ ഒ ജില്ലാ സെക്രട്ടറി പ്രത്യുഷ് പുരുഷോത്തമൻ, കെ യു ടി സി ജനറൽ സെക്രട്ടറി കെ പി അനീഷ്കുമാർ എന്നിവർ സംസാരിച്ചു. കെ യു ടി സി ജോയിന്റ് സെക്രട്ടറി ഡോ ടി കെ പ്രസാദ് സ്വാഗതവും എ കെ ജി സി ടി സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ കെ വി മഞ്ജുള നന്ദിയും പറഞ്ഞു. സംസ്ഥാനതല സമരം നവംബർ 2 നും, പാർലമെന്റ് മാർച്ച് നവംബർ 19 നും നടക്കും.

## മേഖലാതല പ്രതിഷേധ ധർണ്ണ- കോഴിക്കോട്

യൂണിയൻ ഗവൺമെന്റിന്റെയും, യുജിസി, എ ഐ സി ടി ഇ, എൻ സി ടി ഇ തുടങ്ങിയ കേന്ദ്ര ഏജൻസികളുടെയും തെറ്റായ നയങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നവംബർ 19ന് നടക്കുന്ന പാർലമെന്റ് മാർച്ചിന്റെ മുന്നോടിയായി എ കെ പി സി ടി എ, എകെജിസി ടീ, എഫ് യു ടി എ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിനു മുമ്പിൽ ധർണ നടത്തി.

ധർണ്ണ കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ് ഉദ്ഘാടനം ചെയ്തു. എഫ് എസ് ഇ ടി ഓ സംസ്ഥാന കമ്മിറ്റി അംഗം കെ സന്തോഷ് മുഖ്യ പ്രഭാഷണം നടത്തി. എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി ഡോ. എം ബി ഗോപാലകൃഷ്ണൻ, സംസ്ഥാന ട്രഷറർ ഡോ. പ്രദീപ്കുമാർ കെ, എകെജി സി ടീ സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പ്യാർ, എ ഫ്.യൂ. ടീ. എ. സംസ്ഥാന ജോയിന്റ് സെക്രട്ടറി ഡോ. ഹരികുമാരൻ തമ്പി, അസോസിയേഷൻ ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ജനറൽ സെക്രട്ടറി ഡോ. ലിജീഷ് വി എൽ എന്നിവർ പ്രസംഗിച്ചു. എകെജി സി ടി സംസ്ഥാന സെക്രട്ടറി രഘുദാസ് എ വി അധ്യക്ഷത വഹിച്ചു.



## സംഘടനാ വാർത്തകൾ

# സംസ്ഥാന പ്രവർത്തക ക്യാമ്പ്

വിദ്യാഭ്യാസം ഒരു പ്രത്യയശാസ്ത്ര ഉപകരണമാണെന്നും, മനുഷ്യ രാശി നൂറ്റാണ്ടുകളിലൂടെ ആർജിച്ച പുരോഗമന അറിവുകളെ തമസ്കരിച്ചു കൊണ്ടുള്ള പ്രതിലോമ വിദ്യാഭ്യാസ പരിഷ്കാരങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്നതെന്നും മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ സി രവീന്ദ്രനാഥ് പറഞ്ഞു.

തൃശ്ശൂർ പീച്ചിയിൽ ദർശന പാസ്റ്ററൽ സെന്ററിൽ നടക്കുന്ന എ കെ പി സി ടി എ ദ്വിദിന സംസ്ഥാന പ്രവർത്തകക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പ്രൊഫ്. സി. രവീന്ദ്രനാഥ്.

പുതിയ ദേശീയ വിദ്യാഭ്യാസനയം അടിമുടി പ്രതിലോമ രാഷ്ട്രീയ രേഖയാണെന്ന് തിരിച്ചറിയണമെന്നും, കെമിസ്ട്രിയിലെ ആവർത്തനപട്ടിക സിലബസിൽനിന്ന് ഒഴിവാക്കിയത് കേവലം പഠനഭാര ലഘൂകരണത്തിന് വേണ്ടിയല്ല മറിച്ച്, ബഹുസ്വരമായ അറിവിന്റെ തലങ്ങളെ ഒഴിവാക്കി ഏകശിലാത്മകമായ അറിവിനെ തങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി നിർമ്മിച്ചെടുക്കാൻ വേണ്ടിയാണെന്നും അദ്ദേഹം പറഞ്ഞു. പഞ്ചഭൂത നിർമ്മിതമാണ് പ്രപഞ്ചം എന്ന് സ്ഥാപിക്കുന്നതിലൂടെ മതം അധികാരസ്ഥാപനത്തിനുള്ള രാഷ്ട്രീയ മൂലധനമാക്കുന്ന ഫാസിസത്തിന്റെയും മുതലാളിത്തത്തിന്റെയും യുക്തിയായാണ് ഈ ഒഴിവാക്കലിനെ നാം തിരിച്ചറിയേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു. പുതിയ വിദ്യാഭ്യാസനയം നടപ്പിലാക്കിയില്ലെങ്കിൽ ഫണ്ട് ഇല്ല എന്ന കേന്ദ്രനയം ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണെന്നും ഈ സന്ദർഭത്തിൽ കേരളം ഉയർത്തുന്ന ബദൽനയങ്ങളുടെ രാഷ്ട്രീയം അതീവപ്രസക്തമാണെന്നും അദ്ദേഹം പറഞ്ഞു.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ഭിന്നശേഷി സൗഹൃദനയങ്ങളെ സംബന്ധിച്ചുള്ള എ കെ പി സി ടി എ സോഷ്യൽ വെൽഫെയർ & ഡിഫറന്റ്ലി ഏബ്ൾഡ് കമ്മിറ്റിയുടെ ലഘുലേഖ അദ്ദേഹം പ്രകാശനം ചെയ്തു.

സംസ്ഥാന പ്രസിഡണ്ട് എ. നിശാന്ത് അധ്യക്ഷത വഹിച്ചു.

സോഷ്യൽ വെൽഫെയർ & ഡിഫറന്റ്ലി ഏബ്ൾഡ് കമ്മിറ്റി കൺവീനർ ഡോ ശ്രീജ എസ് ലഘുലേഖാ പരിചയം നടത്തി.

ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ, കെ സ്വാഗതവും, സംസ്ഥാന സെക്രട്ടറി ഡോ. ഗോപാലകൃഷ്ണൻ എം ബി നന്ദിയും പറഞ്ഞു.

തുടർന്ന് സംഘടനാ പ്രവർത്തനരേഖകൾ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ, ട്രഷറർ ഡോ കെ പ്രദീപ് കുമാർ, അക്കാദമിക് കൺവീനർ ഡോ. എ. എസ്. സുമേഷ്, വനിതാ കൺവീനർ ആഷ പ്രഭാകരൻ, ജേർണൽ എഡിറ്റർ ഡോ. രേണുക എൻ, സർവീസ് സെൽ ചെയർമാൻ ഡോ മുഹമ്മദ് സലിം ടി, ഐ ടി സെൽ











സംസ്ഥാന
പ്രവർത്തക ക്യാമ്പ്






എകെപിസിടിഎ




എകെപിസിടിഎ
സംസ്ഥാന
പ്രവർത്തക ക്യാമ്പ്
AKPCTA

കൺവീനർ ഡോ അനിൽ കുമാർ കെ എം , സാംസ്കാരിക വേദി കൺവീനർ സോന പി എന്നിവർ അവതരിപ്പിച്ചു. പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ തോമസ് മോണോത്ത് സ്വാഗതവും, തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് ഡോ രാജേഷ് എം ആർ നന്ദിയും പറഞ്ഞു.

മൂന്നാമത്തെ സെഷൻ സംഘടനാചരിത്രവും വർത്തമാനകാല പ്രതിരോധങ്ങളും എന്ന വിഷയത്തെക്കുറിച്ച് എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ ക്ലാസ് എടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. മനോജ് ടി. ആർ അധ്യക്ഷത വഹിച്ചു.
സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ ഡോ. വിനോദ് കുമാർ ജേക്കബ്, പ്രമോദ് വെള്ളച്ചാൽ, ഡോ മുഹമ്മദ് സലിം ടി, ഡോ പ്രമോദ് എൻ, അരുൺ കെ. ശശീന്ദ്രൻ എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് സ്വാഗതവും പ്രവർത്ത സമിതി അംഗം ഡോ. ലതാകുമാരി പി സി എന്നിവർ സംസാരിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ച നടന്നു.

കലാസന്ധ്യയിൽ ഹയർ സെക്കൻഡറി അക്കാദമിക് ജോയിന്റ് ഡയറക്ടർ ഡോ. ഷാജിത എസ്, കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ. യു. എന്നിവർ മുഖ്യാതിഥികളായി.

**യെച്ചൂരി അസമത്വങ്ങൾക്കും വിഭാഗീയതകൾക്കുമെതിരായ പ്രതിരോധത്തിന്റെ പാഠപുസ്തകം : കെ ടി കുഞ്ഞിക്കണ്ണൻ**

ഫാസിസവും മുതലാളിത്തവും സൃഷ്ടിച്ച അസമത്വങ്ങൾക്കെതിരായ പ്രതിരോധത്തിന്റെ സാർത്ഥമായ മുഖമാണ് സീതാറാം യെച്ചൂരിയെന്ന് കേളുവേട്ടൻ പഠന ഗവേഷണ കേന്ദ്രം ഡയറക്ടർ കെ.ടി. കുഞ്ഞിക്കണ്ണൻ.

തൃശ്ശൂർ പീച്ചിയിൽ ദർശന പാസ്റ്ററൽ സെന്ററിൽ എ കെ പി സി ടി എ സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ സമാപന ദിവസം വർഗീയത, മതമൗലികവാദം, സ്വത്വ രാഷ്ട്രീയം - സാർവ്വദേശീയതലം, ഇന്ത്യൻ പശ്ചാത്തലം എന്ന വിഷയത്തിൽ സീതാറാം യെച്ചൂരി സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

മതത്തിന്റെയും സമ്പത്തിന്റെയും അടിസ്ഥാനത്തിൽ വിഭാഗീയതകളും അസമത്വങ്ങളും സൃഷ്ടിച്ച് സാംസ്കാരിക രാഷ്ട്രീയാധിപത്യങ്ങൾ നേടിയെടുക്കുന്നതിൽ മത ഫാസിസവും മുതലാളിത്തവും ഒരുപോലെ വിജയിക്കുന്ന ദേശീയ- അന്തർദ്ദേശീയ വർത്തമാനാവസ്ഥകളിൽ പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രതിരോധ പ്രവർത്തനത്തിന് യെച്ചൂരി എക്കാലവും പ്രചോദനമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.


സംസ്ഥാന പ്രവർത്തക സമിതി അംഗം സഞ്ജീവ് ജി അധ്യക്ഷത വഹിച്ചു. സംസ്ഥാന ലെയ്സൺ കോ ഓർഡിനേറ്റർ ഡോ രഞ്ജു ആർ കൃഷ്ണൻ സ്വാഗതവും, പ്രവർത്തക സമിതി അംഗം ഡോ ജീന എൻ ജെ നന്ദിയും പറഞ്ഞു.


സർവ്വകലാശാല മേഖലാടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ ഡോ ജ്യോതിലക്ഷ്മി എസ് കെ (കാലിക്കറ്റ് ), ബെന്നറ്റ് തോമസ്, ഡോ ഹസീന കെ പി എ (കണ്ണൂർ), സൗമ്യ ദാസൻ, ഡോ തോംസൺ കെ അലക്സ് (എം ജി ), ഡോ.അമ്പിളി സി ആർ (കേരള), ഡോ ബിജു എം എസ് (കെ ടി യു) എന്നിവർ പങ്കെടുത്തു.


പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ മറുപടി പറഞ്ഞു. പ്രവർത്തക സമിതി അംഗങ്ങളായ ഡോ ഷിലുജാസ് എം ക്രഡൻഷ്യൽ റിപ്പോർട്ടും, ഡോ ഷാനവാസ് സി എം ക്യാമ്പ് അവലോകന റിപ്പോർട്ടും അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സുമേഷ് എ എസ് സ്വാഗതവും, തൃശ്ശൂർ ജില്ലാ സെക്രട്ടറി ഡോ സോണി ജോൺ നന്ദിയും പറഞ്ഞു.

# പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ
























## പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ














## അഭിനന്ദനങ്ങൾ






## പ്രസവ അവധി,പിതൃത്വ അവധി, ഗർഭം അലസൽ അവധി (Rule 101), തുടങ്ങിയവയ്ക്ക് പുറമേ ഗർഭാശയം നീക്കം ചെയ്യൽ അവധി (Rule101 A) കൂടി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് പരിഗണിക്കാമെന്ന് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂളിൽ ഭേദഗതി വരുത്തി വിജ്ഞാപനം.

"ഭരണഭാഷ- മാതൃഭാഷ"

DIRECTORATE OF COLLEGIATE E... 18 OCT 2024 ★ THIRUVANANTHAPURAM

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പ്രൈവറ്റ് എയ്ഡഡ് കോളേജുകൾ - യോഗ്യരായ യു ജി സി ലൈബ്രേറിയന്മാരുടെ പ്ലേസ്മെന്റ് - സെലക്ഷൻ കമ്മിറ്റി- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.605/2024/HEDN തീയതി,തിരുവനന്തപുരം, 17-10-2024

പരാമർശം:-
1. 01.12.2021 തീയതിയിലെ സ.ഉ.(കൈ) നം.571/2021/ഉ.വി.വ നമ്പർ ഉത്തരവ്
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 17.11.2023 തീയതിയിലെ UGC CELL3/20096/2023/DCE നമ്പർ കത്ത്

**ഉത്തരവ്**

യോഗ്യരായ യു ജി സി ലൈബ്രേറിയന്മാർക്ക് അക്കാദമിക് ലെവൽ 13A, 14 ഇവയിലേക്കുള്ള കരിയർ അഡ്വാൻസ്മെന്റ് അനുവദിക്കുന്നതിന് കോളേജ് തല സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും അക്കാദമിക് ലെവൽ 11, 12 ഇവയിലേക്കുള്ള കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷന് യു ജി സി മാനദണ്ഡപ്രകാരം രൂപീകരിച്ച സ്ക്രീനിങ് കമ്മിറ്റിയും അക്കാദമിക് ലെവൽ 13A, 14 ഇവയിലേക്കുള്ള കരിയർ അഡ്വാൻസ്മെന്റ് പ്രമോഷന് സെലക്ഷൻ കമ്മിറ്റിയും നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് ശമ്പളം ഫിക്സ് ചെയ്യുന്നതിന് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡിഷണൽ സെക്രട്ടറി

പകർപ്പ്:
1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം /കോട്ടയം/ എറണാകുളം / തൃശ്ശൂർ /കോഴിക്കോട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
4. ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

www.highereducation.kerala.gov.in

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ഒക്ടോബർ 01<br>01st October 2024<br>1200 കന്നി 15<br>15th Kanni 1200<br>1946 ആശ്വിനം 9<br>9th Aswina 1946 | നമ്പർ<br>No. | 3091 |

GOVERNMENT OF KERALA

**Personnel and Administrative Reforms (Rules) Department**

NOTIFICATION

G.O.(P)No.6/2024/P&ARD Dated, Thiruvananthapuram, 23rd September 2024

**S. R. O. No. 875/2024**

In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with section 3 thereof, the Government of Kerala hereby make the following rules further to amend the Kerala State and Subordinate Services Rules, 1958, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# RULES

1. *Short title and commencement*. —— (1) These rules may be called the Kerala State and Subordinate Services (2nd Amendment) Rules, 2024.

(2) They shall come into force at once.

2. *Amendment of the Rules*. — In Part I of the Kerala State and Subordinate Services Rules, 1958, in clause (6) of rule 2, for sub-clause (g), the following shall be substituted namely:—

"(g) when he/she is on paternity leave or maternity leave, or on leave as per Rules 101 and 101A of Part I, Kerala Service Rules granted to female officers in cases of miscarriage or abortion or hysterectomy.

Note :- Cases already settled or disposed prior to the issue of this amendment shall not be reopened "

By order of the Governor,

PUNEET KUMAR IAS
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government have decided to reckon the period of paternity leave, leave granted under rule 101 and 101A of Part I of the Kerala Service Rules as duty for the purpose of probation and to make suitable amendments to the relevant rules in the Kerala State and Subordinate Services Rules.

This notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed b
Date:2024.10.01

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - വിവിധ സർവ്വകലാശാലകളിലും ,സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാക്കുന്നത് -ഭേദഗതി വരുത്തി - ഉത്തരവാകുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(അച്ചടി) നം.31/2023/HEDN തീയതി,തിരുവനന്തപുരം, 22-12-2023

---

പരാമർശം

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 27.10.2022 ലെ D4/5295/2022/DCE നം.കത്ത്
2. സ.ഉ (അച്ചടി) നം. 4/2023/ഉവിവ തീയതി 11.04.2023

<u>ഉത്തരവ്</u>

സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും, അറബിക് കോളേജുകളിലും സർവ്വകലാശാലകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായപരിധി 50 വയസ്സാക്കി നിശ്ചയിച്ച് പരാമർശം '2' പ്രകാരം ഉത്തരവായിരുന്നു.

ഉയർന്ന പ്രായപരിധി അധികരിച്ചു എന്നത് ഒഴികെ മറ്റെല്ലാവിധത്തിലും നിയമന യോഗ്യത നേടി 11..04..2023-ന് മുൻപ് നിയമിക്കപ്പെട്ടതും നിയമന അംഗീകാരം സംബന്ധിച്ച ശിപാർശ സർക്കാരിന്റെയോ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയോ പരിഗണനയിലുള്ളതുമായ എല്ലാ കേസുകളിലും പരാമർശം '2' പ്രകാരമുള്ള ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ഇതനുസരിച്ചുള്ള ഭേദഗതികൾ അതാത് സർവ്വകലാശാലകൾ വരുത്തേണ്ടതാണ്.

മേൽ ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

ഫോൺ : 0474 2744378

07-11-2024

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ എയിഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും

സർ / മാഡം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് ,ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം-കൊല്ലം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - പ്ലെസ്മെൻ്റ് പ്രൊമോഷൻ ഫിക്സേഷൻ അംഗീകരിച്ചു നൽകുന്നത് - സംബന്ധിച്ച്:

പ്ലെസ്മെന്റ് പ്രൊമോഷൻ /ഫിക്സേഷൻ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ അനു രേഖകൾ സഹിതം ക്രമപ്രകാരം സമർപ്പിക്കാത്തതിനാൽ പലപ്പോഴും മടക്കി അയയ്ക്കേ ഹചര്യം ഉണ്ടാക്കുന്നുണ്ട്. ആയത് അർഹതപ്പെട്ട ക്ലെയിം അദ്ധ്യാപകർക്ക് യഥാസമയം ാതിരിക്കുന്നതിനും സെക്ഷനുകളിൽ അധിക ജോലിഭാരത്തിനും കാരണമാകുന്നു. ആ ൽ മേലിൽ പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ ചുവടെ പരാമർശിക്കുന്ന രേഖകൾ ഉ ത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം നൽകുന്നു.

1.സേവനപുസ്തകം

2.പ്ലെസ്മെന്റ് പ്രൊമോഷൻ അനുവദിച്ചുകൊണ്ടുള്ള മാനേജരുടെ ഉത്തരവ്

3.യൂണിവേഴ്സിറ്റി പ്രൊമോഷൻ ഉത്തരവ്

4.സ്ക്രീനിങ് കമ്മിറ്റി മിനിറ്റ്സ്.

5.യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഒർജിനൽ.

6.കോഴ്സ് സർട്ടിഫിക്കറ്റുകളുടെ ഒർജിനൽ, പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ്

7.ഫിക്സേഷൻ സ്റ്റേറ്റ്മെന്റ്,ഓപ്ഷൻ ഫോം ( ഒരു പകർപ്പ്)

8.GO (P).169/2019/ധന തീയതി 13.12.2019 പ്രകാരമുള്ള അണ്ടർടേക്കിങ്.

<u>പൊതു നിർദ്ദേശങ്ങൾ</u>

1.സർവീസ് ബുക്കിന്റെ പേജ് നം 2 -ൽ യോഗ്യത, കോഴ്സ് ട്രെയിനിങ് സംബന്ധിച്ച രേഖ ൽ വരുത്തി പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. സർവീസ് ബുക്കിന്റെ ആദ്യ പേജുകളിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സർവീ രിഫിക്കേഷൻ നടത്തി സേവനപുസ്തകം ഹാജരാക്കേണ്ടതാണ്.

3. മാനേജരുടെ പ്രൊമോഷൻ ഉത്തരവിന്റെയും യൂണിവേഴ്സിറ്റി ഉത്തരവിന്റെയും രേഖപ്പെടു സേവനപുസ്തകത്തിൽ വരുത്തി പ്രിൻസിപ്പാൾ/ഡിഡിഒ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ട

എന്ന് വിശ്വസ്തതയോ

ANURADHA V

DEPUTY DIRECTOR DD K

# എഴുത്തും രചനാതന്ത്രങ്ങളും - ഏകദിന ശില്പശാല






എ കെ പി സി ടി എ മുഖപത്രമായ (പ്രതിമാസ ജേർണൽ) കേരള പ്രൈവറ്റ് കോളജ് ടീച്ചറിന്റെ എഡിറ്റോറിയൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ എഴുത്തും രചനാതന്ത്രങ്ങളും എന്ന പേരിൽ ഇന്ന് 2024 സെപ്റ്റംബർ 7 ശനിയാഴ്ച ആലുവ യു സി കോളജിൽ വച്ച് ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

സാഹിത്യം, സാമൂഹ്യ ശാസ്ത്രം, മാധ്യമപഠനം എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് മുഖ്യമായും ശില്പശാല നടന്നത്. എഴുത്തിന്റെ ഭിന്നമേഖലകളെയും രൂപങ്ങളെയും സൂക്ഷ്മമായി പരിചയപ്പെടുത്തുക,എഴുതാൻ ആഗ്രഹിക്കുന്നവരെയും എഴുത്തുകാരെയും അക്കാദമികവും അക്കാദമികേതരവുമായ എഴുത്ത് വഴികളിലേക്ക് നയിക്കുക, സർഗ്ഗാത്മകമായ സാമൂഹികാന്തരീക്ഷം നിലനിർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച ഈ ശില്പശാല രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

ഡോ. കെ.പി.മോഹനൻ, ഇ.പി. രാജഗോപാലൻ, ഡോ. കെ.എം. അനിൽ, ഡോ. മ്യൂസ് മേരി ജോർജ് എന്നിവരാണ് ശില്പശാല നയിച്ചത്.

എ കെ പി സി ടി എ വനിതാ കമ്മിറ്റി കൺവീനർ ആഷ പ്രഭാകരൻ, കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം പ്രമോദ് വെള്ളച്ചാൽ, അക്കാദമിക് കമ്മിറ്റി സംസ്ഥാന കൺവീനർ ഡോ. സുമേഷ് എ.എസ്, സാംസ്കാരിക വേദി കൺവീനർ സോന പി എന്നിവർ മോഡറേറ്റർമാർ ആയി.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ.കെ.ബിജുകുമാർ, വൈസ് പ്രസിഡന്റ് ഡോ. ഷാജിത എസ്, ട്രഷറർ ഡോ.കെ. പ്രദീപ് കുമാർ, കേരള പ്രൈവറ്റ് കോളജ് ടീച്ചർ എഡിറ്റർ ഡോ. എൻ. രേണുക, ശില്പശാല ഡയറക്ടർ ഡോ. വി.പി.മാർക്കോസ്, സെക്രട്ടറി ഡോ അരുൺ എ യു, എറണാകുളം ജില്ലാ സെക്രട്ടറി പ്രൊഫ. (ഡോ.) ജേക്കബ്, ഐടി സെൽ കൺവീനർ ഡോ. കെ.എം. അനിൽ കുമാർ, എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ. സീജ എ.ആർ, പ്രവർത്തക സമിതി അംഗം ഡോ. ശ്രീജ എസ്, വനിതാ കമ്മിറ്റി മേഖലാ കൺവീനർ ബിൻഷ ബാബു, കേരള പ്രൈവറ്റ് കോളജ് ടീച്ചർ അസിസ്റ്റന്റ് എഡിറ്റർമാരായ ഡോ.വിധു നാരായൺ, ഡോ. ബിന്ദുമോൾ ബി. തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

അധ്യാപകരും വിദ്യാർത്ഥികളും പൊതുമണ്ഡലത്തിൽ നിന്നുള്ളവരും ഉൾപ്പെടെ നൂറോളം പേർ ശില്പശാലയിൽ പങ്കെടുത്തു.



# എഴുത്തും രചനാതന്ത്രങ്ങളും - ഏകദിന ശില്പശാല



































KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.311
ISSN 2454-4795
Rs.11/- OCTOBER-NOVEMBER 2024




Printed and Published by Prof.(Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**